# ദുർബല വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ സംരക്ഷണം

## റിപ്പോർട്ട്

**കേരള സംസ്ഥാന**

**ബാലാവകാശസംരക്ഷണ കമ്മീഷൻ**

**തിരുവനന്തപുരം**

**ദുർബല വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ സംരക്ഷണം**

റിപ്പോർട്ട്


മാർച്ച് 2018

ചീഫ് എഡിറ്റർ : **കെ. ആർ പ്രസന്നൻ**
രജിസ്ട്രാർ

എഡിറ്റർ : **ആർ. വേണുഗോപാൽ**
പബ്ലിക് റിലേഷൻസ് ഓഫീസർ

രൂപകൽപ്പന : **ശ്രീജിത്ത് രാജൻ**
ഗ്രാംബിൾസ്, തിരുവനന്തപുരം

അച്ചടി : സിആപ്റ്റ്, തിരുവനന്തപുരം

**കോപ്പികൾ** : **500**

സൗജന്യവിതരണത്തിന്

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പൊതുജന താത്പര്യാർത്ഥം പ്രസിദ്ധീകരിക്കുന്ന ലഘുലേഖ.

പ്രിന്റർ ആൻഡ് പബ്ലിഷർ : രജിസ്ട്രാർ
കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ


വിവിധ ബാലാവകാശ നിയമങ്ങളെയും ചട്ടങ്ങളെയും അടിസ്ഥാന മാക്കി കമ്മീഷൻ തയ്യാറാക്കിയതാണ് ഉള്ളടക്കം. എന്നിരുന്നാലും നിയമപരമായും അല്ലാതെയുമുള്ള ആവശ്യങ്ങൾക്ക് സർക്കാർ ഗസറ്റ്, അസ്സൽ പ്രസിദ്ധീകരണങ്ങൾ എന്നിവ പരിശോധിച്ച് വിവരങ്ങളുടെ കൃത്യത ഉറപ്പു വരുത്തേണ്ടതാണ്.


**tIcf kwØm\ _memhIminkwc£W I½oj³**
റ്റി.സി.14/2036, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി പി.ഒ,
തിരുവനന്തപുരം-695034 ഫോൺ: 0471- 2326603, ഫാക്സ്: 0471- 2326603
ഇ-മെയിൽ: childrights.cpcr@kerala.gov.in
വെബ്: www.kescpcr.kerala.gov.in
facebook.com/KeSCPCRKerala twitter.com/KeSCPCR_Kerala

# വിഷയവിവരം


| ക്രമ നം. | | പേജ് നം. |
|---|---|---|
| 1. | മുഖക്കുറിപ്പ് | 5 |
| 2. | ഇടുക്കി ജില്ലയിലെ പീരുമേട് മേഖലയിലെ തോട്ടം തൊഴിലാളികളുടെ കുട്ടികളുടെ ജീവിത സാഹചര്യവും അനുബന്ധ കാര്യങ്ങളും സംബന്ധിച്ച റിപ്പോർട്ടും ശുപാർശകളും | |
| | ❍ ആമുഖം | 11 |
| | ❍ ലയങ്ങളിൽ നടത്തിയ സന്ദർശന വിവരം | 13 |
| | ❍ അംഗൻവാടി സന്ദർശന വിവരം | 17 |
| | ❍ ബാലവാടി/ക്രഷ് സന്ദർശനം | 19 |
| | ❍ കമ്പനികൾ അടഞ്ഞുകിടന്ന കാലത്തെ തൊഴിലാളികളുടെ അവസ്ഥ | 21 |
| | ❍ വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകൾ സംബന്ധിച്ച വിവരങ്ങൾ | 23 |
| | ❍ കമ്മീഷൻ ശുപാർശകൾ | 27 |
| 3. | എറണാകുളം ജില്ലയിലെ പെരുമ്പാവൂരിൽ താമസിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ ജീവിത സാഹചര്യവും പ്രശ്നങ്ങളും സംബന്ധിച്ച റിപ്പോർട്ടും ശുപാർശകളും | 31 |
| 4. | കുട്ടികളിലെ പ്രതിരോധ കുത്തിവയ്പ്പ് സംബന്ധിച്ച റിപ്പോർട്ടും ശുപാർശകളും | 43 |
| 5. | Report on the challenges that tribals face due to the conflict between their customs and provisions of POCSO Act | 57 |

# മുഖക്കുറിപ്പ്

കേരളത്തിലെ കുട്ടികളുടെ അവകാശ സംരക്ഷണം സംബന്ധിച്ച് പൊതുവിൽ വരുന്ന വിഷയങ്ങളിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ നടത്തിയിട്ടുള്ള പഠനങ്ങളുടെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിലുള്ള ശുപാർശകൾ സ്ഥിതിമാറ്റത്തിന് ആധാരമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണാധികാരികൾക്ക് സഹായകമായിട്ടുണ്ട്. എന്നാൽ ചില പ്രത്യേക പ്രദേശങ്ങളിലും സാമൂഹിക വിഭാഗങ്ങളിലും വസിക്കുന്ന കുട്ടികളെ മേൽ സൂചിപ്പിച്ച അവകാശ സംരക്ഷണത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുവാൻ ഇനിയും സാധിക്കേണ്ടതുണ്ട്. ഇതിൽ പ്രധാനമായും ഇടുക്കി ജില്ലയിലെ തോട്ടം തൊഴിലാളികളുടെ കുട്ടികളുടെ ജീവിത സാഹചര്യം, എറണാകുളം ജില്ലയിലെ ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ പ്രശ്നങ്ങൾ, കുട്ടികളുടെ പ്രതിരോധ കുത്തിവയ്പ് സംബന്ധിച്ചുള്ള വിഷയങ്ങൾ, ആദിവാസി മേഖലയിലെ ബാലവിവാഹവും പോക്സോ നിയമങ്ങളുമായിട്ടുള്ള പൊരുത്തക്കേടുകൾ എന്നിവയാണ് മുഖ്യ പരിഗണനാ വിഷയങ്ങളായി കമ്മീഷൻ കണ്ടെത്തിയിട്ടുള്ളത്. മേൽ വിഷയങ്ങളിൽ കമ്മീഷൻ മുൻപാകെ എത്തിയിട്ടുള്ള പരാതികൾ, പത്രറിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള അന്വേഷണങ്ങളുടെയും കൂടിയാലോചനകളുടെയും റിപ്പോർട്ടുകളുടെയും സന്ദർശനങ്ങളുടെയും അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയിട്ടുള്ള നിരീക്ഷണങ്ങളാണ് ഇതിനോടൊപ്പമുള്ള ശുപാർശകളായി മാറിയിട്ടുള്ളത്.

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട് അരക്ഷിതത്തം അനുഭവിക്കുന്ന ഈ വിഭാഗം കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് കമ്മീഷൻ പുറപ്പെടുവിച്ച ശുപാർശകളാണ് പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുളളത്. ഇവയുമായി ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങൾക്കും മറ്റുള്ളവർക്കും പ്രയോജനപ്പെടുന്നതാണ് റിപ്പോർട്ട് എന്ന വിശ്വാസത്തോടെ ഇത് ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുന്നു.

തിരുവനന്തപുരം
27.03.2018

സി.ജെ. ആന്റണി
ആക്ടിംഗ് ചെയർപേഴ്സൺ

# ഒന്ന്

# ഇടുക്കി ജില്ലയിലെ പീരുമേട് മേഖലയിലെ തോട്ടം തൊഴിലാളികളുടെ കുട്ടികളുടെ ജീവിത സാഹചര്യവും അനുബന്ധ കാര്യങ്ങളും സംബന്ധിച്ച റിപ്പോർട്ടും ശുപാർശകളും

# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ

## തിരുവനന്തപുരം

**സാന്നിദ്ധ്യം: ശ്രീമതി. ശോഭ കോശി (ചെയർപേഴ്സൺ)**

**ശ്രീ.കെ. നസീർ (മെമ്പർ)**

**ശ്രീമതി.മീന സി.യു (മെമ്പർ)**

**തീയതി: 23.09.2015**

**സി.ആർ. എം.പി.നമ്പർ : 159/എൽ.എ$_1$/2013/ കെ.ഇ.എസ്.സി.പി.സി.ആർ.**

**ഇടുക്കി ജില്ലയിലെ പീരുമേട് മേഖലയിലെ തോട്ടം തൊഴിലാളികളുടെ കുട്ടികളുടെ ജീവിത സാഹചര്യവും അനുബന്ധ കാര്യങ്ങളും സംബന്ധിച്ച കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ റിപ്പോർട്ടും ശുപാർശകളും**

ഹർജിക്കാരൻ : സ്വമേധയാ നടപടി

എതിർകക്ഷികൾ :

1. ചീഫ് സെക്രട്ടറി,
   കേരള സർക്കാർ,
   തിരുവനന്തപുരം.

2. പ്രിൻസിപ്പൽ സെക്രട്ടറി,
   ലേബർ & സ്കിൽസ് ഡിപ്പാർട്ട്മെന്റ്,
   ഗവൺമെന്റ് സെക്രട്ടേറിയേറ്റ്,
   തിരുവനന്തപുരം.

3. പ്രിൻസിപ്പൽ സെക്രട്ടറി,
   തദ്ദേശസ്വയംഭരണ വകുപ്പ്,
   തിരുവനന്തപുരം.

4. അഡീഷണൽ ചീഫ് സെക്രട്ടറി,
   പൊതുവിദ്യാഭ്യാസ വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം

5. സെക്രട്ടറി,
   ആരോഗ്യവകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയേറ്റ്,
   തിരുവനന്തപുരം.

6. ലേബർ കമ്മീഷണർ,
   തിരുവനന്തപുരം.

7. എക്സൈസ് കമ്മീഷണർ,
തിരുവനന്തപുരം.

8. ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

9. ഡയറക്ടർ,
പൊതു വിദ്യാഭ്യാസ വകുപ്പ്,
തിരുവനന്തപുരം.

10. ഡയറക്ടർ,
ആരോഗ്യ വകുപ്പ്,
ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസ്,
തിരുവനന്തപുരം.

11. ഡയറക്ടർ,
സാമൂഹ്യനീതി വകുപ്പ്,
വികാസ്ഭവൻ,
തിരുവനന്തപുരം.

12. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ,
കെ.എസ്.ആർ.ടി.സി.,
തിരുവനന്തപുരം.

13. മാനേജിംഗ് ഡയറക്ടർ,
കേരള വാട്ടർ അതോറിറ്റി,
തിരുവനന്തപുരം.

14. സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ,
സർവ്വ ശിക്ഷാ അഭ്യാൻ,
തിരുവനന്തപുരം.

15. ജില്ലാ കളക്ടർ,
പൈനാവ്, ഇടുക്കി.

16. ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ,
കോട്ടയം.

17. ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ,
പീരുമേട്, ഇടുക്കി ജില്ല.

18. ജില്ലാ ലേബർ ഓഫീസർ,

കാഞ്ഞിരമറ്റം ജംഗ്ഷൻ,
തൊടുപുഴ ഈസ്റ്റ്.പി.ഒ.,
ഇടുക്കി ജില്ല.

19. ജില്ലാ പോലീസ് മേധാവി,
കളക്ടറേറ്റ്, പൈനാവ്,
ഇടുക്കി ജില്ല.

20. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ,
കളക്ടറേറ്റ്, പൈനാവ്,
ഇടുക്കി ജില്ല.

21. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
സിവിൽ സ്റ്റേഷൻ,
പൈനാവ്.പി.ഒ., ഇടുക്കി.

22. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,
സിവിൽ സ്റ്റേഷൻ, പൈനാവ്.പി.ഒ,
ഇടുക്കി.

23. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ,
തൊടുപുഴ ഈസ്റ്റ്.പി.ഒ,
ഇടുക്കി ജില്ല.

24. ജില്ലാ പ്രോജക്ട് ഓഫീസർ,
സർവ്വ ശിക്ഷാ അ ിയാൻ,
തൊടുപുഴ, ഇടുക്കി ജില്ല.

25. ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ
(1) പീരുമേട്, (2) വണ്ടിപെരിയാർ
(3) കുമളി, (4) പെരുവന്താനം
(5) കൊക്കയാർ, (6) ഏലപ്പാറ, (7) ഉപ്പുതറ

26. ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫീസർ,
മിനി സിവിൽ സ്റ്റേഷൻ,
തൊടുപുഴ, ഇടുക്കി ജില്ല.

27. ഡിസ്ട്രിക് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ,
വെങ്ങല്ലൂർ.പി.ഒ,
വെങ്ങല്ലൂർ പോസ്റ്റാഫീസ് സമീപം,
തൊടുപുഴ, ഇടുക്കി ജില്ല.

# ആമുഖം

**1.1.** പീരുമേട് മേഖലയിൽ തോട്ടം തൊഴിലാളികളുടെ കുട്ടികളെ ബാലവേല ചെയ്യിപ്പിക്കുന്നതായ പത്രറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2005-ലെ ബാലാവകാശ സംരക്ഷണ കമ്മീഷൻ നിയമത്തിലെ 13(1)(j) വകുപ്പ് പ്രകാരം വിഷയം സ്വമേധയാ പരിഗണിച്ച കമ്മീഷൻ സി.ആർ.എം.പി. നമ്പർ.159/LA1/2013/KeSCPCR പ്രകാരം നടപടി ആരംഭിക്കുകയും ഇത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഈ മേഖലയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ശ്രീ.പി.ജി. ഗോപാലകൃഷ്ണൻ, ഇടുക്കി ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർമാൻ, ഡോ. ചെറിയാൻ.പി.കുര്യൻ, ഡയറക്ടർ മരിയൻ കോളേജ്, കുട്ടിക്കാനം, ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് കോട്ടയം, ഇടുക്കി ജില്ലാ സാമൂഹ്യ നീതി വകുപ്പ് ഓഫീസർ എന്നിവർ ഉൾപ്പെട്ട പ്രസ്തുത കമ്മിറ്റി പീരുമേട് മേഖലയിൽ സന്ദർശനം നടത്തി കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ തോട്ടം മേഖലയിൽ താമസിക്കുന്ന കുട്ടികളുടെ ജീവിത സാഹചര്യങ്ങൾ പരിതാപകരമാണെന്നും സ്കൂളുകളിൽ നിന്നുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക്, ആരോഗ്യസ്ഥിതി, സുരക്ഷിതത്വം എന്നിവയെല്ലാം തന്നെ ശ്രദ്ധിക്കപ്പെടേണ്ട വിഷയങ്ങൾ ആണെന്നും ചൂണ്ടിക്കാണിക്കുകയുണ്ടായി.

**1.2.** പ്രസ്തുത കാര്യങ്ങൾ നേരിൽ കണ്ടു ബോധ്യപ്പെടുന്നതിനും സത്വര നടപടികൾ ശുപാർശ ചെയ്യുന്നതിനുമായി കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ ശ്രീമതി. ശോഭാ കോശി, കമ്മീഷൻ അംഗങ്ങളായ ശ്രീ.കെ.നസീർ, ശ്രീമതി മീന സി.യു. എന്നിവർ 21..05..2015 തീയ്യതി പീരുമേട് തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾ സന്ദർശിക്കുകയുണ്ടായി. ഇടുക്കി ജില്ലാ ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർമാനായ ശ്രീ.പി. ജി. ഗോപാലകൃഷ്ണൻ, ഇടുക്കി ജുവനൈൽ ജസ്റ്റിസ്ബോർഡ് അംഗം ശ്രീ കൃഷ്ണകുമാർ, ഇടുക്കി ജില്ല ശിശുസംരക്ഷണ ഓഫീസർ, തൊഴിൽ വകുപ്പിന്റെയും പ്ലാന്റേഷൻ ഇൻസ്പെക്ടറുടെയും പ്രതിനിധികളും സന്ദർശന വേളയിൽ കമ്മീഷനൊപ്പമുണ്ടായിരുന്നു. പീരുമേട്ടിലെ

തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾ, അംഗൻവാടികൾ, ബാലവാടികൾ എന്നിവയെല്ലാം കമ്മീഷൻ സന്ദർശിക്കുകയുണ്ടായി. സന്ദർശന ശേഷം വിവിധ സർക്കാർ വകുപ്പിലെ ഉദ്യോഗസ്ഥർ, എസ്റ്റേറ്റ് ഉടമകൾ, ട്രേഡ് യൂണിയൻ നേതാക്കൾ എന്നിവരുമായി കമ്മീഷൻ സംവദിക്കുകയും തോട്ടം മേഖലയിലെ കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുകയുമുണ്ടായി.

ooOo

# ലയങ്ങളിൽ നടത്തിയ സന്ദർശന വിവരം

**2.1.** ലയങ്ങളിലെ വീടുകൾ വളരെ കാലപഴക്കം ചെന്നതും കാലാകാലങ്ങളിൽ അറ്റകുറ്റ പണി ചെയ്യാത്തതിനാൽ തറയും ഭിത്തിയും ഇടിഞ്ഞുപൊളിഞ്ഞു വീഴാറായ അവസ്ഥയിലുമാണ്. മിക്കവീടുകളും മഴക്കാലത്ത് ചോർന്നൊലിക്കുന്ന അവസ്ഥയിലാണ് സ്ഥിതി ചെയ്യുന്നത്. വാതിലുകളും ജനാലകളും ഒന്നും തന്നെ സുരക്ഷിതമായ അവസ്ഥയിലല്ല. ലയങ്ങളിൽ ആവശ്യത്തിന് ടോയ്‌ലറ്റുകൾ ഇല്ല. മാത്രമല്ല ഉള്ള ടോയ്‌ലറ്റുകൾ പ്രവർത്തനരഹിതവും വൃത്തിഹീനവുമാണ്. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ട സ്വകാര്യതയും സുരക്ഷിതത്വവും ലയങ്ങളിൽ ഇല്ല. ലയങ്ങളിൽ കെട്ടുറപ്പും സുരക്ഷിതത്വവും ഇല്ലാത്തതുമൂലം ഇവിടെ താമസിക്കുന്ന കുട്ടികൾ ഒരിക്കലും സുരക്ഷിതരല്ലെന്ന് കമ്മീഷന് കാണാൻ കഴിഞ്ഞു. സ്വൈര്യമായും സുരക്ഷിതമായും പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കാൻ കഴിയാത്ത കൗമാരക്കാരായ പെൺകുട്ടികൾ ദുരുപയോഗത്തിനിരയാകാനുള്ള സാധ്യത ഏറെയാണ്. ഇക്കാര്യത്തിൽ തികഞ്ഞ ഉദാസീനതയാണ് മാനേജ്മെന്റ് കാണിക്കുന്നത്. കക്കൂസ് മാലിന്യങ്ങൾ പൊട്ടി ഒലിച്ച് ലയങ്ങളുടെ പരിസര ഭാഗങ്ങളിലേക്ക് ഒഴുകി വരുന്ന അവസ്ഥ കമ്മീഷന് കാണാൻ കഴിഞ്ഞു. ലയങ്ങളുടെ ശോചനീയാവസ്ഥ ഈ മേഖലയിലെ കുട്ടികളുടെ ആരോഗ്യത്തെയും സുരക്ഷിതത്വത്തെയും വളരെയധികം ബാധിക്കുന്നുണ്ട്. വീടുകളിൽ ശരിയായ രീതിയിലുള്ള വെന്റിലേഷനും ഇലക്ട്രിസിറ്റിയുമില്ലാത്തതിനാൽ ആവശ്യത്തിന് വെട്ടവും വെളിച്ചവും വീടിനകത്ത് ലഭിക്കുന്നില്ല. ഇത് കുട്ടികൾക്ക് വീടിനകത്തിരുന്ന് പഠിക്കുന്നതിനുവരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. കുട്ടികൾക്ക് പുറത്തിറങ്ങി കളിക്കുവാൻ വേണ്ടത്ര കളിസ്ഥലവും ഇല്ല. വളരുന്ന കുട്ടികളുടെ ശാരീരിക മാനസിക വളർച്ചയെ ഇത് ബാധിക്കുമെന്നത് നിസ്തർക്കമാണ്. പല ലയങ്ങളിലും കുടിവെള്ളം ലഭിക്കുന്നില്ല. പത്തോ ഇരുപതോ വീട്ടുകാർക്ക് ദിവസത്തിൽ ഒന്നോ രണ്ടോ മണിക്കൂർ നേരം മാത്രമാണ് പൈപ്പിൽ നിന്നും ജലം ലഭിക്കുന്നത്. ഇത് കാരണം ലയങ്ങളിൽ താമസിക്കുന്നവർക്ക് ആവശ്യമായ ശുദ്ധജലം ലഭിക്കുന്നില്ല. അത്യാവശ്യ ദിനചര്യകൾക്കു കൂടി ശുദ്ധജലം തികയാത്ത സാഹചര്യം ലയങ്ങളിൽ താമസിക്കുന്നവർക്കുണ്ട്.

**2.2.** ഹൈറേഞ്ച് മേഖലയിൽ ദീർഘദൂര ബസ്സുകൾ മാത്രമുള്ളതിനാൽ കുട്ടികൾക്ക് സ്കൂളിൽ പോകുന്നതിനും മറ്റും പ്രയാസം നേരിടുന്നതായി തൊഴിലാളികൾ ബോധിപ്പിക്കുകയുണ്ടായി. സ്കൂളിൽ പോകുന്ന കുട്ടികൾക്ക് ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തത പ്രയാസം സൃഷ്ടിക്കുന്നുണ്ട്. കിലോമീറ്ററുകളോളം കാൽനടയായി സഞ്ചരിച്ചാണ് കുട്ടികൾ സ്ക്കൂളിലേക്ക് പോകുന്നത്. സ്കൂളുകളിലെ കുട്ടികളുടെ കൊഴിഞ്ഞു പോക്കിന് ഇത് കാരണമാകുന്നു. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ആനുകൂല്യം കുട്ടികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്.

**2.3.** ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ താമസിക്കുന്ന ലയങ്ങളുടെ അവസ്ഥ വളരെ പരിതാപകരമാണ്. 10 വർഷമായി പൂട്ടി കിടന്നിരുന്ന ലയങ്ങളിൽ യാതൊരു അറ്റകുറ്റ പണിയും നടത്താതെയാണ് ഇതര സംസ്ഥാന തൊഴിലാളികളെ പാർപ്പിച്ചിരിക്കുന്നതെന്ന് കമ്മീഷന് നേരിൽ കണ്ട് ബോധ്യപ്പെടാൻ കഴിഞ്ഞു. കമ്മീഷന്റെ സന്ദർശനവേളയിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ വ്യത്യസ്ത പ്രായത്തിൽ ഉള്ള കുട്ടികൾ ഒന്നിച്ച് ലയത്തിലെ ഒരു വീട്ടിൽ അടച്ചുപൂട്ടിയിരിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടു. കുട്ടികൾ എല്ലാംതന്നെ വളരെ ഭയപ്പാടിൽ ആണ് വീട്ടിൽ അടച്ചുപൂട്ടി ഇരിക്കുന്നത്. മാതാപിതാക്കൾ ജോലിക്ക് പോകുന്ന സമയത്ത് കൗമാരപ്രായക്കാരായ കുട്ടികളാണ് ചെറിയ കുട്ടികളെ സംരക്ഷിക്കുന്നതെന്ന് കമ്മീഷന് നേരിൽ കാണുവാൻ സാധിച്ചു. മാതാപിതാക്കൾ ജോലിക്ക് പോയിരിക്കുന്നതിനാൽ കുട്ടികളെ സംരക്ഷിക്കുവാൻ ലയങ്ങളിൽ മുതിർന്നവരാരും തന്നെ ഉണ്ടായിരുന്നില്ല. മാതാപിതാക്കൾ ജോലിക്ക് പോകുന്ന സമയത്ത് ലയങ്ങളിൽ താമസിക്കുന്ന കുട്ടികൾ ഒട്ടും സുരക്ഷിതരല്ലെന്ന് കമ്മീഷന് ബോധ്യപ്പെട്ടു. ലയങ്ങളിൽ പരിസര ശുചീകരണം വളരെ മോശമായ അവസ്ഥയിലാണ്. വീടുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വളരെ പരിമിതമാണ്. വീടിന്റെ നിലം സിമന്റ് പോലും തേയ്ക്കാതെ വെറും മണ്ണു നിറഞ്ഞ കുഴികൾ ആണ്. പ്രസ്തുത സാഹചര്യം കുട്ടികൾക്കും മുതിർന്നവർക്കും ഒട്ടും ആരോഗ്യകരമല്ല. വൈദ്യുതിയില്ലാത്ത ലയങ്ങളിൽ തറയിൽ കിടത്തിയിരുന്ന കുട്ടികളെ ഇരുട്ടത്ത് കാണാൻ പോലും പ്രയാസമായിരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ ആരും തന്നെ സ്കൂളുകളിൽ പോകുന്നില്ല. ഇത് കുട്ടികളുടെ വിദ്യാഭ്യാസ അവകാശ ലംഘനമാണ്. ഇതുമൂലം സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് കുട്ടികൾ ഒറ്റപ്പെട്ടു നിൽക്കുന്നു. ടി കുട്ടികൾക്ക് അവരുടെ ഭാഷയിൽ പ്രത്യേക ട്യൂഷനോ ബ്രിഡ്ജ് കോഴ്സുകളോ നൽകുന്നില്ല. ഇതരസംസ്ഥാന കുട്ടികളുടെ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കപ്പെടുന്നതിന് യാതൊരു നടപടികളും ചുമതലപ്പെട്ടവരോ അധികാരികളോ എടുത്തിട്ടില്ല എന്നും കാണാൻ കഴിഞ്ഞു. സ്കൂൾ വിദ്യാഭ്യാസം നഷ്ടപ്പെടുന്നതോടെ സമൂഹത്തിന്റെയും സർക്കാർ സംവിധാനത്തിന്റെയും ശ്രദ്ധയിൽ പെടാതെ പോകുന്ന ഈ കുട്ടികൾക്ക് സർക്കാർ നൽകുന്ന ഒരാനുകൂല്യങ്ങളും ലഭിക്കാതെ പോകുന്നു എന്നത് ദുഖകരമാണ്.

**2.4.** ലയങ്ങളിലെ സന്ദർശനവേളയിൽ കുട്ടികളുടെ മാതാപിതാക്കളുമായി സംസാരിച്ചതിൽ ലയങ്ങളിൽ താമസിക്കുന്ന കുട്ടികൾ മദ്യത്തിനും മയക്കുമരുന്നിന്നും അടിമപ്പെടുന്നതായി അറിയാൻ സാധിച്ചു. ഓട്ടോറിക്ഷയിൽ മദ്യം ലയങ്ങളിൽ എത്തിച്ചു നൽകുന്നതായി ലയത്തിൽ താമസിക്കുന്ന തൊഴിലാളികൾ ബോധിപ്പിച്ചു. കൗമാര പ്രായക്കാരായ കുട്ടികളുടെ മാനസിക ശാരീരിക വികാസത്തെയും ആരോഗ്യത്തെയും ഈ അവസ്ഥ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇത് മൂലം കൗമാരപ്രായക്കാരായ പല കുട്ടികളും സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോകുന്നതിനും കാരണമാകുന്നുണ്ട്. പല എസ്റ്റേറ്റ് ഉടമകളും ക്രഷുകൾ നിയമാനുസൃതം നടത്തുന്നില്ല എന്നത് സംബന്ധിച്ചും തൊഴിലാളികൾ പരാതി പറയുകയുണ്ടായി. സ്കൂളിൽ പോകാത്ത കുട്ടികൾ തേയില കമ്പിനിയിൽ

ബാലവേല ചെയ്യുന്നു എന്ന റിപ്പോർട്ട് ഉണ്ടെങ്കിലും കമ്മീഷന്റെ സന്ദർശവേളയിൽ ബാലവേല ചെയ്യുന്ന കുട്ടികളെ കാണുവാൻ സാധിച്ചില്ല. എങ്കിലും ഇക്കാര്യത്തിൽ തൊഴിൽ വകുപ്പ് അത്യന്തം ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതുണ്ട്.

**2.5.** ലയങ്ങളിലെ കുട്ടികൾക്ക് ഡോക്ടറുടേയോ, നേഴ്സിന്റേയോ സേവനം കൃത്യമായി ലഭ്യമല്ലാത്തതുകൊണ്ട് കുട്ടികളുടെ ആരോഗ്യ പരിശോധന ഫലപ്രദമായി നടക്കുന്നില്ലയെന്നും മനസ്സിലാക്കാൻ സാധിച്ചു. കമ്മീഷൻ സന്ദർശിച്ച ലയങ്ങളിൽ ഒന്നിൽ മാത്രമാണ് ഒരു നഴ്സിന്റെ സേവനമുള്ളത്. അവിടെ ഒരു ഡോക്ടർ ആഴ്ചയിൽ ഒരിക്കൽ സന്ദർശിക്കാറുണ്ടെന്നും മനസ്സിലാക്കാൻ സാധിച്ചു.

൦൦൦൦

# അംഗൻവാടി സന്ദർശന വിവരം

3.1. ലയങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻ വാടികൾ സന്ദർശിച്ചതിൽ അംഗൻവാടികളുടെ പരിസരം ഒട്ടും തന്നെ ശിശു സൗഹൃദപരമല്ല എന്ന് കാണാൻ സാധിച്ചു. അംഗൻവാടികളിൽ കുടിവെള്ളവും ടോയ്‌ലറ്റ് സൗകര്യങ്ങളും ഇല്ലാത്തതിനാൽ കുട്ടികൾ മലമൂത്ര വിസർ ജ്ജനം നടത്തുന്നത് തുറന്ന പരിസരപ്രദേശത്താ ണ്. ഗ്രാമ പഞ്ചായത്തിന്റെ സഹായത്തോടെ പണി കഴിപ്പിച്ച അംഗൻവാടിയിലെ ടോയ്‌ലറ്റ് പരിപാലനത്തിന്റെ അഭാവത്താൽ ഉപയോഗ ശൂന്യമായി കിടക്കുന്നതായി കാണാൻ കഴിഞ്ഞു. ടോയ്‌ലറ്റിന്റെ നിർമ്മാണവും ശാസ്ത്രീയ രീതിയിലല്ല. അംഗൻവാടിയ്ക്കകത്തു നിന്ന് നേരിട്ട് കടക്കാവുന്ന രൂപത്തിലല്ല ടോയ്‌ലറ്റിന്റെ നിർമ്മാണം. അംഗൻവാടിയിൽ കുട്ടികളുടെ ഭക്ഷണം പാചകം ചെയ്യുന്നത് ക്ലാസ്സ് മുറിയ്ക്ക കത്തു തന്നെയായതിനാൽ ഇത് കുട്ടികളുടെ സുരക്ഷതത്വത്തെയും ആരോഗ്യത്തെയും ബാധി ക്കുന്നുണ്ട്. കുട്ടികൾ പുക നിറഞ്ഞ വായു ശ്വസി ക്കുന്നതിനും ഇത് കാരണമാകുന്നു. അവശ്യം വേണ്ട വെളിച്ചവും വായുസഞ്ചാരവും അംഗൻ വാടികളിൽ ഒട്ടുംതന്നെ ഇല്ല. അംഗൻവാടികളിൽ കുട്ടികളെ സുരക്ഷിതമായി പുറത്തിറക്കാൻ പറ്റാത്ത സ്ഥിതിയാണ്. അംഗൻവാടിക്കു സമീപം ഓടകൾ അടഞ്ഞുകിടന്ന് അഴുക്കുവെള്ളം കെട്ടി കിടക്കുന്നത് പരിസരം ദുർഗന്ധ പൂരിതമാക്കുന്ന തോടൊപ്പം ഇവിടുത്തെ കുട്ടികളുടെ ആരോഗ്യ ത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. പല കുട്ടികളെയും അംഗൻവാടിയിൽ അയക്കാ ത്തതായും മനസ്സിലാക്കാൻ കഴിഞ്ഞു. ഇതെല്ലാം ബാലാവകാശ ലംഘനമായേ കമ്മീഷന് നിരീക്ഷി ക്കുവാൻ സാധിക്കുകയുള്ളൂ. അംഗൻവാടികളുടെ ഭൗതികസൗകര്യം മെച്ചപ്പെടുത്തുന്നതിന് ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും എസ്റ്റേറ്റ് ഉടമയിൽ നിന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. അംഗൻവാടികളിലെ കൊച്ചു കുട്ടികൾ പായയിൽ നിലത്തു കിടന്നു ഉറങ്ങുന്ന സ്ഥിതിവിശേഷവും കാണാൻ കഴിഞ്ഞു. തണുപ്പു കാലങ്ങളിൽ ഇത് കുട്ടികളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നു.

oooo

# ബാലവാടി/ക്രഷ് സന്ദർശനം

എസ്റ്റേറ്റ് ഉടമകൾ നടത്തുന്ന ബാലവാടി സന്ദർശിച്ചപ്പോൾ ഇവിടെ കുട്ടികളെ പഠിപ്പിക്കുവാൻ പ്രീ പ്രൈമറി വിദ്യാഭ്യാസയോഗ്യതയുള്ള ടീച്ചർ ഇല്ല എന്ന് മനസ്സിലായി. ആയ ആണ് കുട്ടികളെ പഠിപ്പിക്കുന്നത്. ചെറിയ കുട്ടികൾക്ക് വേണ്ട തൊട്ടിലും സജ്ജീകരിച്ചിട്ടില്ല. പല എസ്റ്റേറ്റുകളിലും ക്രഷുകൾ അടഞ്ഞുകിടക്കുന്ന അവസ്ഥയാണ്.

മാതാപിതാക്കൾ ജോലിക്ക് പോകുമ്പോൾ കുട്ടികളെ സംരക്ഷിക്കുവാൻ യാതൊരു സൗകര്യങ്ങളും ഇപ്പോൾ പല എസ്റ്റേറ്റുകളിലും നിലവിലില്ല.

○○○○

# കമ്പനികൾ അടഞ്ഞുകിടന്ന കാലത്തെ തൊഴിലാളികളുടെ അവസ്ഥ

വർഷങ്ങളായി തേയില തോട്ടത്തിൽ ജോലി ചെയ്ത് ലയങ്ങളിൽ താമസിച്ചിരുന്ന തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും കമ്പനികൾ അടച്ചു പൂട്ടിയ സമയത്തും ലയങ്ങളിലുള്ള അവരുടെ താമസം തുടരുകയും അവർ ഉപജീവനം തേടി മറ്റ് തൊഴിലിനെ ആശ്രയിക്കുകയുമുണ്ടായി. തലമുറകളായി തൊഴിലാളികളുടെ കുടുംബാംഗങ്ങൾ അതേ ലയങ്ങളിൽ തന്നെയാണ് താമസിക്കുന്നത്. കമ്പനി അടച്ചിട്ട കാലഘട്ടങ്ങളിൽ തൊഴിലാളി കളുടെ ജീവിത സാഹചര്യങ്ങളും ലയങ്ങളുടെ അവസ്ഥയും മെച്ചപ്പെടുത്തുന്നതിൽ കമ്പനി അധികൃതർ ശ്രദ്ധിച്ചിരുന്നില്ല എന്നതും വസ്തുതയാണ്. വർഷങ്ങൾക്കു ശേഷം കമ്പനി പിന്നീട് തുറന്ന് പ്രവർത്തനം ആരംഭിച്ചപ്പോഴും തൊഴിലാളികളുടെയും ലയങ്ങളുടെയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിൽ കമ്പനി അധികൃതർ വേണ്ടത്ര ശ്രദ്ധ നൽകിയിരുന്നില്ല. കമ്പനിയുടെ പ്രവർത്തനം പുനരാരംഭിച്ചപ്പോൾ നേരത്തെ തൊഴിൽ ചെയ്തിരുന്ന തൊഴിലാളികൾക്ക് പകരം പല പുതിയ തൊഴിലാളികളെയും ഇതര സംസ്ഥാന തൊഴിലാളികളെയും നിയമിക്കുകയുണ്ടായി.

ഫാക്ടറികളിൽ തൊഴിൽ എടുക്കാത്ത പല തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും ലയങ്ങളിൽ തന്നെ താമസം തുടരുന്നതിനാൽ ലയങ്ങളുടെ അറ്റകുറ്റപണി കൾക്കും മറ്റ് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിൽ ഉടമ ശ്രദ്ധ കാണിച്ചിരുന്നില്ല എന്നതും വസ്തുതയാണ്. ഇത്തരത്തിലുള്ള അവഗണനയുടെയും ശോചനീയാവസ്ഥയുടേയും ഏറ്റവും വലിയ ഇരകൾ കുട്ടികളാണെന്ന കാര്യം കമ്മീഷൻ നടത്തിയ വസ്തുതാന്വേഷണത്തിൽ നിന്നും വ്യക്തമായി.

ഠഠഠഠ

# വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകൾ സംബന്ധിച്ച വിവരങ്ങൾ

**6.1** ലയങ്ങളിലും പരിസര പ്രദേശങ്ങളിലും കമ്മീഷൻ നടത്തിയ സന്ദർശന ശേഷം ഇടുക്കി ജില്ലചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർമാൻ, ജുവനൈൽ ജസ്റ്റീസ് ബോർഡ് അംഗം, ജില്ലാ ശിശുസംരക്ഷണ ഓഫീസർ, ആരോഗ്യം, സാമൂഹ്യനീതി, എക്സൈസ്, തൊഴിൽ, വിദ്യാഭ്യാസം, പോലീസ് എന്നീ വകുപ്പുകളുടെ പ്രതിനിധികൾ, ഇൻസ്പെകടർ ഓഫ് പ്ലാൻന്റേഷൻ, ചൈൽഡ് ലൈൻ, കേരള മഹിളാ സമഖ്യ സൊസൈറ്റി, കുടുംബശ്രീ എന്നിവരുടെ പ്രതിനിധികളും, ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, എസ്റ്റേറ്റ് മാനേജ്മെന്റ് പ്രതിനിധികൾ എന്നിവരുമായി പീരുമേട് മിനി സിവിൽ സ്റ്റേഷനിൽവെച്ച് 21.05.2015-ന് കമ്മീഷൻ സംവദിക്കുകയുണ്ടായി. പ്രസ്തുത കർത്തവ്യ വാഹകരുമായി നടത്തിയ ചർച്ചയിൽ താഴെപറയുന്ന വസ്തുതകൾ ഉയർന്നുവരികയുണ്ടായി.

- ഇതര സംസ്ഥാന തോട്ടം തൊഴിലാളികളുടെ കുട്ടികളെ ഗവൺമെന്റ് സ്കൂളിൽ പ്രവേശിപ്പിക്കുന്നതിന് ഭാഷ ഒരു തടസ്സമായി നിൽക്കുന്നു.
- അംഗൻവാടികൾ വളരെ ശോചനീയമായ അവസ്ഥയിലാണ്.
- ലയങ്ങളിലെ ടോയ്ലറ്റുകൾ എല്ലാം തന്നെ പൊട്ടിപൊളിഞ്ഞു കിടക്കുകയാണ്.
- ബാലവാടികൾ ശരിയായ രീതിയിൽ നടത്തുന്നില്ല. അതേ സമയം എസ്റ്റേറ്റ് ഉടമകൾ അംഗൻ വാടിയുടെ സ്ഥലങ്ങൾ പഞ്ചായത്തിന് വിട്ടുനൽകുന്നില്ല. ആയത് കാരണം അംഗൻവാടികൾക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കാനും അറ്റകുറ്റ പണി നടത്താനുമാകുന്നില്ല.
- ലയങ്ങളുടെ അവസ്ഥ വളരെ ശോചനീയവും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതുമാണ്.
- ലയങ്ങളിൽ ആവശ്യത്തിന് കുടിവെള്ളം ലഭിക്കുന്നില്ല.
- ലയങ്ങളിൽ കുട്ടികൾക്കെതിരെയുള്ള ലൈംഗിക പീഡനങ്ങൾ കൂടി വരികയാണ്.
- 4 വയസ്സ് വരെയുള്ള കുട്ടികൾപോലും ലൈംഗിക പീഡനത്തിന് ഇരകളാകുന്ന അവസ്ഥയാണ്.

- മദ്യത്തിനും മയക്കുമരുന്നിനും കുട്ടികൾ അടിമകളാണ്. കൂടാതെ കുട്ടികളെ മദ്യം വിൽക്കുന്ന ഏജന്റുമാരായി ഉപയോഗിക്കുകയും ചെയ്യുന്നു.
- മുതിർന്നവർ കുട്ടികളെ ഉപയോഗിച്ച് ഓട്ടോറിക്ഷയിൽ ലയങ്ങളിൽ മദ്യം എത്തിക്കുന്ന പ്രവണതയും കുട്ടികൾക്ക് മദ്യം നൽകുന്ന സ്ഥിതി വിശേഷവും ഈ മേഖലകളിൽ ഉണ്ട്. ഇത് തടയുന്നതിന് എക്സൈസ് വകുപ്പും പോലീസും ഊർജ്ജിത നടപടി സ്വീകരിക്കേണ്ടതാണ്.
- കുട്ടികളിൽ പോഷകാഹാര കുറവുകൾ പ്രകടമായി കാണുന്നുണ്ട്.
- ഹെൽത്ത് വർക്കർമാർ കൃത്യമായി ലയങ്ങളിൽ സന്ദർശനം നടത്താത്തതിനാൽ പരിസര മലിനീകരണം ഉൾപ്പെടെയുള്ള പ്രശ്നങ്ങളാൽ കുട്ടികളിലും അമ്മമാരിലും പലവിധ ആരോഗ്യ പ്രശ്നങ്ങളും നിലനിൽക്കുന്നു.
- കൗമാരപ്രായക്കാരായ കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ നേരിടാനാവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ ലഭിക്കുന്നില്ല.
- ബാലവേല റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് ഇതിന് കാരണമാകുന്നു.
- ശൈശവ വിവാഹവും ഈ മേഖലയിൽ നടക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു.
- മാതാപിതാക്കൾക്ക് കുട്ടികളുടെ സംരക്ഷണത്തെ സംബന്ധിച്ചും അവരുടെ ശരിയായ വികാസത്തെ സംബന്ധിച്ചുമുള്ള ബോധവൽക്കരണ ക്ലാസ്സുകൾ ലഭിക്കുന്നില്ല.
- പല എസ്റ്റേറ്റുകളിലും ക്രഷുകൾ പൂട്ടികിടക്കുന്നതിനാൽ മാതാപിതാക്കൾ ജോലിക്ക് പോകുന്ന സന്ദർഭങ്ങളിൽ കുട്ടികൾ ലയങ്ങളിൽ സുരക്ഷിതരല്ല.
- ബാലസഭ പഞ്ചായത്തുകളിൽ കൃത്യമായി കൂടുന്നില്ല.
- ഗ്രാമപഞ്ചായത്ത് കുട്ടികൾക്കായി നീക്കി വെയ്ക്കേണ്ട ഫണ്ട് മറ്റ് ആവശ്യങ്ങൾക്കായി ചിലവഴിക്കുന്നു എന്ന് മനസ്സിലാക്കാൻ സാധിച്ചു.
- ഈ മേഖലയിലെ ഗവൺമെന്റ് സ്കൂളുകളിൽ ആവശ്യത്തിനുള്ള അദ്ധ്യാപകർ ഇല്ല. ടോയ്ലറ്റ്, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ഈ മേഖലയിലെ സ്കൂളുകളിൽ ഇല്ല
- പീരുമേട് ഹൈറേഞ്ച് മേഖലയായതിനാൽ മിക്ക ബസുകളും ഫാസ്റ്റ് പാസഞ്ചർ (100 സാൽ കൂടുതൽ ഓടുന്ന വണ്ടികൾ) ആയതിനാൽ സ്റ്റോപ്പുകളുടെ എണ്ണക്കുറവും മറ്റും നിമിത്തം ആവശ്യമായ സ്ഥലത്ത് ബസ് നിർത്താൻ കഴിയാതെ വരുന്നു. ഇത് കാരണം കുട്ടികൾക്ക് അവകാശപ്പെട്ട യാത്രാ സൗകര്യവും ആനുകൂല്യങ്ങളും ലഭിക്കുന്നില്ല.
- എസ്റ്റേറ്റുകളിൽ ഡിസ്പെൻസറി ഇല്ലാത്തതിനാൽ ചികിത്സക്ക് ബുദ്ധിമുട്ടുണ്ട്.
- എസ്റ്റേറ്റിൽ താമസിക്കുന്ന സ്ഥിരം തൊഴിലാളികളുടേയും ഇതര സംസ്ഥാന തൊഴിലാളികളുടേയും 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെ സംബന്ധിച്ച വിവരശേഖരണം എസ്റ്റേറ്റ് ഉടമയും പഞ്ചായത്തും സൂക്ഷിക്കുന്നില്ല.
- പീരുമേട് താലൂക്ക് ആശുപത്രിയിൽ കുട്ടികൾക്കായി പ്രത്യേക വാർഡും ആശുപത്രിയും, പീഡിയാട്രീഷനും, ഗൈനക്കോളജിസ്റ്റും ഇല്ല.
- തേയിലത്തോട്ടത്തിൽ കീടനാശിനികൾ സ്പ്രേ ചെയ്യുന്നതിനാൽ കുട്ടികളുടെ ആരോഗ്യത്തെ ബാധിക്കുന്നു എന്ന് ട്രേഡ് യൂണിയൻ നേതാക്കൾ പറയുകയുണ്ടായി.
- പെൻഷൻ പറ്റിയ തൊഴിലാളികൾക്ക് ലയങ്ങളിൽ താമസിക്കുവാൻ അർഹതയില്ലെങ്കിലും ലയങ്ങളിൽ അവർക്ക് അനുവദിച്ച വീടുകൾ ഒഴിഞ്ഞു കൊടുക്കാത്ത

തിനാൽ പല വീടുകളും സംബന്ധിച്ച് കേസുകൾ നിലവിലുണ്ട്. അതിനാലാണ് മുഖ്യമായും ലയങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താത്തതെന്നും തോട്ടമുടമകൾ പറയുകയുണ്ടായി. പര്യാപ്തമായ താമസ സൗകര്യം കുടുംബങ്ങൾക്ക് ലഭിക്കാത്തതിനാൽ അത് കുട്ടികളുടെ ജീവിതവും ദുസ്സഹമാക്കുകയാണ്.

- ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ എസ്.എസ്.എ.യുടെ മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററിലേക്ക് (MGLC) എത്തുന്നില്ല എന്നും മാതാപിതാക്കൾക്ക് ടി കുട്ടികളെ എസ്.എസ്.എ.യുടെ സെന്ററിലേക്ക് അയയ്ക്കുവാൻ താല്പര്യമില്ല എന്നും എസ്.എസ്.എ അധികാരികൾ പറയുകയുണ്ടായി.
- ടോയ്‌ലറ്റുകൾ ഇല്ലാത്ത അംഗൻ വാടികളും ഈ മേഖലയിൽ ഉണ്ട്.
- പ്ലാന്റേഷൻസ് ലേബർ ആക്റ്റ് 1951, 1959-ലെ കേരള പ്ലാന്റേഷൻസ് ലേബർ റൂൾസ് എന്നിവ പ്രകാരമുള്ള ചുമതലകൾ ഏറെയും നിർവ്വഹിക്കേണ്ട പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ തസ്തിക പീരുമേട്ടിൽ തുടർച്ചയായി ഒഴിഞ്ഞു കിടക്കുന്നതുമൂലം ലയങ്ങളിലും മറ്റും നിർബന്ധമായി നടപ്പാക്കേണ്ട പല കാര്യങ്ങളും നടക്കുന്നില്ല എന്ന് കമ്മീഷന് മനസ്സിലാക്കുവാൻ കഴിഞ്ഞു. പ്രസ്തുത തസ്തിക ഒഴിഞ്ഞു കിടക്കുകയും മറ്റു ഉദ്യോഗസ്ഥർക്ക് അധിക ചുമതല നൽകുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കി പ്ലാന്റേഷൻ ഇൻസ്പെകടറുടെ തസ്തികകളിൽ ഉടൻ നിയമനം നടത്തി മുടക്കം കൂടാതെ ഈ ഉദ്യോഗസ്ഥന്റെ സേവനം ഉറപ്പാക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന ആവശ്യം പൊതുവേ ഉയർന്നു.
- പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾ മോട്ടോർ വാഹനങ്ങൾ നിയമാനുസൃത ലൈസൻസില്ലാതെ ഓടിക്കുന്നത് ഈ മേഖലയിലെ ഒരു സ്ഥിരം കാഴ്ചയാണ്.

**6.2.** കമ്മീഷൻ ലയങ്ങൾ നേരിട്ട് സന്ദർശിച്ചതിൽ നിന്നും വിവിധ വകുപ്പുകൾ, ട്രേഡ് യൂണിയൻ, എസ്റ്റേറ്റ് ഉടമകൾ എന്നിവരുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ നിന്നും പീരുമേട് മേഖലയിലെ തോട്ടം തൊഴിലാളികളുടെ കുട്ടികളുടെ ആരോഗ്യം, വിദ്യാ ്യാസം, സുരക്ഷിതത്വം എന്നീ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് തോട്ടം ഉടമകളോ ഉത്തരവാദിത്വപ്പെട്ട സർക്കാർ വകുപ്പുകളോ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതു മൂലം ഇവിടുത്തെ കുട്ടികളുടെ അവകാശങ്ങൾ ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. മദ്യത്തിനും മയക്കുമരുന്നിനും കുട്ടികൾ അടിമപ്പെടുന്നതും ലയങ്ങളിലെ കുട്ടികൾ ലൈംഗിക പീഡനത്തിന് ഇരയാകുന്നതും, മാതാപിതാക്കൾ ജോലിക്ക് പോകുമ്പോൾ യാതൊരു സംരക്ഷണവും ശ്രദ്ധയും ഇല്ലാതെ കുട്ടികൾ ലയങ്ങളിൽ തനിച്ച് ഭയപ്പാടോടെ കഴിയുന്നതും, സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കും അംഗനവാടികളുടെ പരിതാപകരമായ അവസ്ഥയും, വെള്ളവും ടോയ്‌ലറ്റ് സൗകര്യവും ഇല്ലാത്തതുമൂലം കൗമാരപ്രായക്കാരായ പെൺകുട്ടികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും ഗതാഗത സൗകര്യമില്ലാത്ത അവസ്ഥയും ഇടിഞ്ഞു പൊളിഞ്ഞു വെട്ടവും വെളിച്ചവും ഇല്ലാത്തതും യാതൊരു സുരക്ഷിതത്വവും ഇല്ലാത്തതുമായ ലയങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ സ്ഥിതിയും പരിസരശുചീകരണം ഇല്ലാത്തതും പീരുമേട് താലൂക്കിലെ സ്കൂളുകളിൽ വേണ്ടത്ര അദ്ധ്യാപകരും ടോയ്‌ലറ്റ്, കുടിവെള്ളം തുങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതും ഇവിടുത്തെ കുട്ടികളുടെ എല്ലാവിധ അവകാശങ്ങളുടെയും ലംഘനമായതിനാൽ ഇത് ബന്ധപ്പെട്ട എല്ലാവരും വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. ജീവിത സാഹചര്യങ്ങളും സുരക്ഷിതത്വത്തിന്റെ അഭാവവുമാണ് ലൈംഗിക പീഡനത്തിന് കുട്ടികൾ ഇരയാകുവാൻ കാരണം. ഇത് കുട്ടികളിൽ ആത്മഹത്യാ പ്രവണതക്കും കാരണമാകുന്നു. ഇക്കാര്യത്തിൽ അടിയന്തിര പ്രാധാന്യത്തോടെ ബന്ധപ്പെട്ട

വകുപ്പുകൾ കർമ്മോൽസുകരായി പ്രവർത്തിച്ചില്ലെങ്കിൽ കുട്ടികളുടെ ഭാവിയെ ആയത് പ്രതികൂലമായി ബാധിക്കുന്നതാണ്.

**6.3.** കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിയ്ക്കാൻ ഉത്തരവാദിത്വമുള്ള എസ്റ്റേറ്റ് ഉടമകളും ഗവൺമെന്റ് വകുപ്പുകളും തോട്ടം മേഖലയിലെ തൊഴിലാളികളുടെ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതായി കരുതാൻ കഴിയില്ല. കുട്ടികളുടെ സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ പ്രാഥമിക ഉത്തരവാദിത്വമാണ്. കുട്ടികൾക്ക് ആരോഗ്യകരമായ ജീവിത സാഹചര്യം സൃഷ്ടിച്ച്, വളരുവാനുള്ള അവസരങ്ങൾ നൽകി ബാല്യത്തിലും യൗവ്വനത്തിലും സംരക്ഷിക്കുവാനുള്ള ചുമതല രാഷ്ട്രത്തിന് ഭരണഘടനാപരമായി നൽകപ്പെട്ടിട്ടുള്ള രാജ്യമാണ് ഇന്ത്യ. വിവിധ വകപ്പുകളുടെ ഏകോപനവും പ്രവർത്തനവും മെച്ചപ്പെട്ടാൽ മാത്രമേ കുട്ടികളുടെ അവകാശം സംരക്ഷിക്കപ്പെടുകയുള്ളൂ. തോട്ടം മേഖലകളെ നിയന്ത്രിക്കുന്നതിനായി പാസ്സാക്കപ്പെട്ട കേന്ദ്ര നിയമമായ 1951-ലെ The Plantations Labour Act þsebpw 1959-ലെ The Kerala Plantations Labour Rules-ലെയും വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ ശുഷ്കാന്തി കാണിക്കണം. തോട്ടം മേഖലയിൽ സമൂലമായ മാറ്റവും സർവ്വതോന്മുഖമായ പുരോഗതിയും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്നതിന് ഉതകുന്ന എല്ലാവിധ വ്യവസ്ഥകളും പ്രസ്തുത നിയമങ്ങളിലും ചട്ടങ്ങളിലുമുണ്ട്. തൊഴിലാളികളുടെ സുരക്ഷിതത്വത്തിനു പുറമേ, അവരുടെ കുട്ടികളുടെ സംരക്ഷണവും കുട്ടികൾക്ക് ഭരണഘടന നൽകുന്ന പ്രത്യേക പരിരക്ഷയും പ്രസ്തുത നിയമത്തിലും പ്രതിഫലിക്കുന്നുണ്ട്.

**6.4.** തേയില തോട്ട ഉടമകൾ, അവർക്ക് വേണ്ടത്ര വരുമാനം ഈ മേഖലയിൽ നിന്നും ലഭിക്കുന്നില്ല എന്ന കാരണത്താൽ ലയങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാതെ അതിൽ നിന്ന് ഒഴിഞ്ഞു മാറുന്നത് അനുവദിക്കാനാകില്ല. ലയങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം,ആരോഗ്യം, സുരക്ഷിതത്വം എന്നീ അവകാശങ്ങൾ നിറവേറ്റുന്നതിൽ തോട്ടം ഉടമകൾക്കും സർക്കാരിനും വളരെ നിർണ്ണായകമായ പങ്കും ഉത്തരവാദിത്വവുമാണുള്ളത്.

അങ്കൻവാടികളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഗ്രാമ പഞ്ചായത്തിന് ഉത്തരവാദിത്വമുണ്ട്. രാജ്യത്തെ കുട്ടികൾക്ക് ഭരണഘടനയും വിവിധ നിയമങ്ങളും നൽകുന്ന സംരക്ഷണം ഉറപ്പ് വരുത്താൻ ലയങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ അടിസ്ഥാനവകാശങ്ങൾ സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന കാര്യം ഇത്തരുണത്തിൽ സർക്കാർ ഉൾപ്പെടെയുള്ള എല്ലാ കർത്തവ്യ വാഹകരെയും അടിവരയിട്ട് കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു.

oooo

# കമ്മീഷൻ ശുപാർശകൾ

മേൽ പ്രതിപാദിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ 15-ാം വകുപ്പു പ്രകാരം ചുവടെചേർക്കുന്ന ശുപാർശകൾ നൽകി കമ്മീഷൻ ഉത്തരവാകുന്നു

(1) തേയിലത്തോട്ടത്തിൽ ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളടക്കമുള്ള മുഴുവൻ തൊഴിലാളികളുടെയും അവർക്കൊപ്പമുള്ള 18 വയസ്സിൽ താഴെപ്രായമുള്ള കുട്ടികളുടെയും വിവരമടങ്ങുന്ന രജിസ്റ്റർ മാനേജ്മെന്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഈ രജിസ്റ്റർ ഏത് സമയത്തും ഇന്റർഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻസ് സ്കീം അനുസരിച്ച് സാമൂഹ്യ നീതി വകുപ്പ് ജില്ലാ തലത്തിൽ രൂപീകരിച്ച ഡിസ്ട്രിക് ചൈൽഡ് പ്രൊട്ടക്ഷൻ (27-ാം എതിർകക്ഷി) ഓഫീസർക്ക് പരിശോധിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണെന്ന് കാണിച്ച് 16-ാം എതിർകക്ഷി എല്ലാ തോട്ടം ഉടമകൾക്കും മാനേജുമെന്റുകൾക്കും നോട്ടീസ് നൽകേണ്ടതാണ്.

(2) പ്ലാന്റേഷൻസ് ലേബർ ആക്ട് 1951-ലെ 12-ാം വകുപ്പ് പ്രകാരം എസ്റ്റേറ്റിലെ സ്ഥിരം തൊഴിലാളികൾക്കും ഇതര സംസ്ഥാന തൊഴിലാളികളുമായ സ്ത്രീകൾക്ക് എല്ലാവർക്കും കൂടി 6 വയസ്സിൽ താഴെ പ്രായമുള്ള 20 കുട്ടികൾ ഓരോ എസ്റ്റേറ്റിലും ഉണ്ടെന്ന് കാണുന്നപക്ഷം എസ്റ്റേറ്റ് ഉടമയെകൊണ്ട് എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ക്രഷുകൾ തുറന്ന് പ്രവർത്തിപ്പിച്ച് കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനുള്ള നടപടികൾ 16-ാം എതിർകക്ഷി സ്വീകരിക്കേണ്ടതും ആയത് 6-ാം എതിർകക്ഷി ഉറപ്പുവരുത്തേണ്ടതുമാണ്.

(3) തേയില തോട്ടത്തിൽ പണിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കപ്പെടുന്നതിന് സർവ്വശിക്ഷാ അഭിയാൻ തുടക്കം കുറിച്ച 'ചലോ സ്കൂൾ ഹം' എന്ന പരിപാടിയിൽ ടി മേഖലയിലെ കുട്ടികളെ ഉൾപ്പെടുത്തി അവരുടെ വിദ്യാഭ്യാസ അവകാശം ഉറപ്പുവരു ത്തുന്നതിനു വേണ്ടിയുള്ള നടപടികൾ 4,9, 14,23,24 എതിർകക്ഷികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.

(4) ലയങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ പരിസരം ഒട്ടും ശിശു സൗഹൃദപരമല്ലാത്തതിനാലും കുടിവെള്ളവും ടോയ്ലറ്റ് സൗകര്യവും ഇല്ലാത്തതിനാലും അംഗൻവാടിക്കു സമീപം ഓടകൾ അടഞ്ഞു കിടക്കുന്നതിനാലും ഇവിടുത്തെ കുട്ടികളുടെ ആരോഗ്യത്തെയും സുരക്ഷിതത്വത്തെയും ദോഷകരമായി ബാധിക്കുന്നുണ്ട്. ഇത് ഒഴിവാക്കി അംഗൻവാടികളുടെ ഭൗതിക സൗകര്യവും കുട്ടികളുടെ ആരോഗ്യവും മെച്ചപ്പെടുത്തുന്നതിനുവേണ്ട നടപടികൾ 3,10,11, 17,21,25,26,27 എതിർകക്ഷികൾ ചേർന്ന് ഉടൻ സ്വീകരിക്കേണ്ടതാണ്.

(5) പീരുമേട് ഹൈറേഞ്ച് മേഖലയായതിനാലും മിക്ക ബസുകളും ഫാസ്റ്റ് പാസഞ്ചർ ആയതിനാലും സ്റ്റോപ്പുകളുടെ എണ്ണക്കുറവു മൂലം ആവശ്യമായ സ്ഥലത്ത് ബസ് നിർത്താതെ

വരുന്നത് സ്കൂളിൽ പോകുന്ന കുട്ടികൾക്ക് ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തയുളവാക്കുന്നുണ്ട്. സ്കൂളുകളിലെ കുട്ടികളുടെ കൊഴിഞ്ഞു പോക്കിന് ഇത് കാരണാമാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനും വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ആനുകൂല്യം കുട്ടികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനു വേണ്ടി സ്കൂളിൽ പോകുന്നതിനും മടങ്ങി വരുന്നതിനും സൗകര്യപ്രദമായ രീതിയിൽ ഓർഡിനറി ബസ് സർവ്വീസുകൾ അനുവദിക്കുന്നതിനോടൊപ്പം കുട്ടികൾക്ക് യാത്രാ സൗജന്യം നൽകുന്നതിനുള്ള നടപടികളും 8,12,15,22 എതിർകക്ഷികൾ സ്വീകരിക്കേണ്ടതാണ്.

(6) ലയങ്ങളുടെയും ടോയ്‌ലറ്റുകളുടെയും ശോചനീയാവസ്ഥ ടി മേഖലയിലെ കുട്ടികളുടെ പ്രത്യേകിച്ച് കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ സുരക്ഷിതത്വത്തെയും ആരോഗ്യത്തെയും ദോഷകരമായി ബാധിക്കുന്നുവെന്നത് ഒരു വസ്തുതയാണ്. ഇടിഞ്ഞു പൊളിഞ്ഞ് വെട്ടവും വെളിച്ചവും വാതിലുകളും ജനലുകളും ഇല്ലാതെ കിടക്കുന്ന ലയങ്ങളുടെയും ടോയ്‌ലറ്റുകളുടെയും അറ്റകുറ്റ പണികളും പരിസര ശുചീകരണവും സമയ ബന്ധിതമായി നടത്തുകയും ലയങ്ങളുടെയും ടോയ്‌ലറ്റുകളുടെയും വാതിലുകളും ജനലുകളും സുരക്ഷിതമായി പൂട്ടാവുന്ന അവസ്ഥയിലാണെന്ന് ഉറപ്പുവരുത്തി ഉടൻ തന്നെ സുരക്ഷിതമായ താമസത്തിനും യോഗ്യമാക്കുവാനുള്ള നടപടികൾ എസ്റ്റേറ്റ് ഉടമകൾ/ മാനേജ്മെന്റുകൾ നടത്തുന്നുവെന്ന് 1, 2, 3, 6, 10, 11,15,17,25 എതിർകക്ഷികൾ ഉറപ്പുവരുത്തേണ്ടതും ആയത് നടപ്പിൽ വരുത്തേണ്ടതുമാണ്.

(7) ലയങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് ഡോക്ടറുടെയോ നേഴ്സിന്റെയോ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെയോ സേവനം കൃത്യമായി ലഭ്യമല്ലാത്തതിനാൽ കുട്ടികളുടെ ആരോഗ്യ പരിശോധന ഫലപ്രദമായി നടക്കുന്നില്ല. ലയങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനുവേണ്ടി നിർബന്ധമായും നൽകിയിരിക്കേണ്ട വാക്സിനേഷനുകൾ നൽകുന്നു എന്ന് ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഉറപ്പു വരുത്തേണ്ടതും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ നിശ്ചിത ഇടവേളയിൽ ലയങ്ങളിൽ സന്ദർശനം നടത്തി കുട്ടികളുടെ ആരോഗ്യവും ലയങ്ങളുടെ പരിസര ശുചിത്വവും ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ 3,5,10,11,15,17,21,25 എതിർകക്ഷികളും സ്വീകരിക്കേണ്ടതാണ്.

(8) ലയങ്ങളിൽ താമസിക്കുന്ന തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് ആവശ്യത്തിന് അനുസൃതമായി ടോയ്‌ലറ്റുകൾ നിർമ്മിക്കുകയും, ടോയ്‌ലറ്റിന് ആവശ്യമായ വെള്ളം ലഭിക്കുന്നതിനു വേണ്ട നടപടികൾ എസ്റ്റേറ്റ് ഉടമകളും 1, 2, 3, 13, 15, 16, 25 എതിർകക്ഷികളും സ്വീകരി ച്ചു എന്നുള്ളത് ഉറപ്പുവരുത്തേണ്ടതും നടപ്പിൽ വരുത്തേണ്ടതുമാണ്.

(9) ഓരോ ലയങ്ങളിലും തൊഴിലാളികളുടെ കുടുംബാംഗങ്ങളുടെ ആവശ്യത്തിനനുസൃതമായി ശുദ്ധജല വിതരണം നടത്തുന്നുണ്ട് എന്നുള്ളത് 1, 2, 3, 13, 15, 25 എതിർകക്ഷികൾ ഉറപ്പുവരുത്തേണ്ടതാണ്.

(10) ലയങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കപ്പെടുന്നുണ്ടെന്നും എല്ലാ കുട്ടികൾക്കും കൃത്യമായി വിദ്യാഭ്യാസ ലഭിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുവാൻ വേണ്ട നടപടികൾ 1, 2, 3, 4, 9, 14, 15, 23, 24, 25 എതിർകക്ഷികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.

(11) കുട്ടികൾക്ക് സ്കൂളിൽ പോകുവാൻ വേണ്ട യാത്രാ സൗകര്യത്തിന്റെ അഭാവം സ്കൂളുകളിലെ കൊഴിഞ്ഞു പോക്കിന് കാരണമാകാതിരിക്കാനാവശ്യമായ നടപടികൾ 1, 3, 4, 8, 9, 12, 14, 15, 22, 23, 24, 25-ാം എതിർകക്ഷികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.

(12) മാതാപിതാക്കൾ ജോലിക്ക് പോകുന്ന സമയം ലയങ്ങളിൽ കുട്ടികളെ സംരക്ഷിക്കുവാൻ മുതിർന്നവരാരുമില്ലാത്തതിനാൽ ചെറിയ കുട്ടികളെ കൗമാരപ്രായക്കാരായ കുട്ടികളുടെ സംരക്ഷണയിൽ ഏൽപ്പിക്കുകയാണ് തൊഴിലാളികൾ ചെയ്യുന്നത്. സുരക്ഷിതത്വ കുറവ് ഉളവാക്കുന്ന ഭയം മൂലം ഈ കുട്ടികളെല്ലാം തന്നെ ലയത്തിലെ ഒരു മുറിയിൽ അടച്ചു പൂട്ടിയിരിക്കുന്ന അവസ്ഥയാണുള്ളത്. ഇതരസംസ്ഥാന

തൊഴിലാളികളുടെ കൗമാരപ്രായക്കാരായ കുട്ടികളെയാണ് ഇത് ഏറ്റവും അധികം ബാധിക്കുന്നത്. തൊഴിലിന് പോകുന്ന വേളയിൽ മതിയായ സംരക്ഷണം രക്ഷാകർത്താക്കൾക്ക് നൽകാൻ കഴിയാത്തതിനാൽ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് തീരെ സുരക്ഷിതത്വം ഇല്ലാത്ത അവസ്ഥയാണ്. കൗമാരപ്രായക്കാരായ കുട്ടികൾക്ക് പ്രത്യേകിച്ച് ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്ക് മാതാപിതാക്കൾ ജോലിക്ക് പോകുന്ന സമയത്തും മറ്റും അവരുടെ വിദ്യാഭ്യാസ അവകാശവും സുരക്ഷിതത്വവും ഉറപ്പു വരുത്തുന്നതിനുവേണ്ട നടപടികൾ 1, 2, 3, 4, 9, 14, 15, 17, 19, 23, 24, 25 എതിർകക്ഷികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.

(13) കുട്ടികളിൽ ഉള്ള മദ്യപാനവും മയക്കുമരുന്നുപയോഗവും തടയുന്നതിനായി അവയുടെ ലഭ്യത തടയുന്നതിനും കർശന നിയമ നടപടിക്കും പുറമേ ഉദ്യോഗസ്ഥരും കൗൺസലർമാരും അടിക്കടി ലയങ്ങൾ സന്ദർശിച്ച് കുറ്റകൃത്യം നടക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനും ബോധവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ 7, 15, 19, 20 എതിർകക്ഷികൾ സ്വീകരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ തടയുന്നതിന് പ്രത്യേക ജാഗ്രതയും നിരീക്ഷണവും തുടർച്ചയായി പുലർത്തേണ്ടതാണ്.

(14) ലൈസൻസില്ലാതെ പ്രായപൂർത്തിയാകാത്ത കുട്ടികൾ വാഹനം ഓടിക്കുന്ന വിവരം ശ്രദ്ധയിൽപെട്ടാൽ വാഹന ഉടമയെ മോട്ടോർ വാഹന നിയമപ്രകാരം നടപടിയ്ക്ക് വിധേയമാക്കുന്നതിനുവേണ്ട നടപടികൾ 8, 19, 22 എതിർകക്ഷികൾ സ്വീകരിക്കേണ്ടതാണ്.

(15) ലയങ്ങളിലുള്ള ബാലവാടികളിൽ വിദ്യാഭ്യാസ യോഗ്യതയുള്ള ടീച്ചർമാരുടെ അഭാവം കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ എല്ലാ ബാലവാടികളിലും പ്രീ-പ്രൈമറി വിദ്യാഭ്യാസ യോഗ്യതയുള്ള ടീച്ചർമാരെ നിയമിക്കുവാനുള്ള നടപടികൾ എസ്റ്റേറ്റുടമ കളും, മാനേജ്മെന്റുകളും സ്വീകരിക്കുന്നുണ്ട് എന്നത് 6,11,16,17,18,23, 24,25,26,27 എതിർകക്ഷികൾ ഉറപ്പുവരുത്തേണ്ടതാണ്.

(16) പ്ലാന്റേഷൻസ് ലേബർ ആക്റ്റ് 1959 പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കേണ്ട പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ തസ്തിക പീരുമേടിൽ തുടർച്ചയായി ഒഴിഞ്ഞു കിടക്കുന്ന സാഹചര്യം ഒഴിവാക്കി പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ തസ്തിക ഉടൻ പുന:സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ 1, 2, 6 എതിർകക്ഷികൾ സ്വീകരിക്കേണ്ടതാണ്.

(17) പീരുമേട് താലൂക്ക് ആശുപത്രിയിൽ പീഡിയാട്രീഷനും ഗൈനോക്കോളജിസ്റ്റും ഇല്ലാത്തതിനാൽ ടി മേഖലയിലെ കുട്ടികൾക്ക് അടിയന്തിര ചികിത്സ തേടുന്നതിന് കോട്ടയം മെഡിക്കൽ കോളേജിൽ കൊണ്ടുപോകേണ്ട അവസ്ഥയാണ് ഇപ്പോൾ ഉള്ളത്. ആയതിനാൽ പീരുമേട് താലൂക്കാശുപത്രിയിൽ കുട്ടികൾക്ക് അടിയന്തിര ചികിത്സ ലഭിക്കുന്നതിന് കുട്ടികൾക്കായി പ്രത്യേക വാർഡും, പീഡിയാട്രീഷനെയും, ഗൈനോക്കോളജിസ്റ്റിനെയും നിയമിക്കുവാനുള്ള നടപടികളും 1, 5, 10, 21 എതിർകക്ഷികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.

(18) എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറികളിൽ കുട്ടികളുടെ ചികിത്സക്കാവശ്യമായ ഡോക്ടറുടെയും നഴ്സിന്റെയും സേവനവും മരുന്നിന്റെ ലഭ്യതയും തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ലഭിക്കുന്നതിനു വേണ്ട നടപടികൾ എസ്റ്റേറ്റ് ഉടമകൾ/മാനേജ്മെന്റുകൾ സ്വീകരിച്ചു എന്നുള്ളത് 1, 5, 10, 15, 16, 17, 18, 21, 25 എതിർകക്ഷികൾ ഉറപ്പുവരുത്തേണ്ടതാണ്.

(19) അടിയന്തിര ഘട്ടങ്ങളിൽ ഒരു തോട്ടം തൊഴിലാളി/ആശ്രിതന് വിദഗ്ദ്ധ ചികിത്സയുടെ ആവശ്യം വരികയും ആധുനിക ചികിത്സാ സമ്പ്രദായങ്ങളായ എം.ആർ.ഐ., അൾട്രാ സൗണ്ട് സ്കാനിംഗ്, എൻഡോസ്കോപ്പി, ആൻജിയോഗ്രാം തുടങ്ങിയ മാർക്ഷങ്ങൾ തോട്ടങ്ങളിലെ ഗാർഡൻ ഹോസ്പിറ്റലിലോ സ്വകാര്യ ആശുപത്രികളിലോ ഗവൺമെന്റ് താലൂക്ക്/ജില്ലാ ആശുപത്രികളിലോ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഇതിലേക്ക് വേണ്ടി വരുന്ന മുഴുവൻ തുകയും തൊഴിലുടമ മടക്കി നൽകണമെന്ന കേരള പ്ലാന്റേഷൻസ് ചട്ടങ്ങളിലെ ചട്ടം 32-ലെയും തോട്ടം മേഖലയിലെ ഗാർഡൻ ഹോസ്പിറ്റലുകളിൽ ഓപ്പറേഷൻ തിയറ്റർ,

എക്സ്റേ, എം.ആർ.ഐ., അൾട്രാസൗണ്ട് സ്കാനർ, ഇ.സി.ജി., ആൻജിയോഗ്രാം, ഫിസിയോ തെറാപ്പി, ലേബർ റൂമുകൾ, ലൈംഗിക രോഗങ്ങൾ, ടി.ബി., കാൻസർ, കാർഡിയോ വാസ്ക്യുലർ രോഗങ്ങൾ, കൺസൾട്ടിംഗ്/പരിശോധനാ റൂമുകൾ, ക്ലിനിക്കൽ ലബോറട്ടറി കൾ എന്നിവ സജ്ജീകരിക്കണമെന്ന ടി ചട്ടങ്ങളിലെ ചട്ടം 34-ലെയും വ്യവസ്ഥകളും തോട്ടം ഉടമകൾ/ മാനേജ്മെന്റുകൾ കർശനമായി പാലിക്കണമെന്ന കാര്യം 2, 5, 6, 10, 15, 16, 17, 18, 21 എതിർകക്ഷികൾ ഉറപ്പുവരുത്തേണ്ടതാണ്. ഇതിലൂടെ തോട്ടം തൊഴിലാളികളുടെ കുട്ടികൾക്ക് എല്ലാവിധ ആരോഗ്യ പരിരക്ഷയും ഉറപ്പുവരുത്തി അവരുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ടതാണ്.

(20) തോട്ടം മേഖലയിൽ താമസിക്കുന്ന കുട്ടികളുടെ പ്രശ്നം പീരുമേട് മേഖലയിൽ മാത്രം കാണുന്ന ഒരു പ്രശ്നമായി കരുതാനാവില്ല. കേരളത്തിലെ തോട്ടം മേഖലയിലെ മുഴുവൻ തൊഴിലാളികളും അവരുടെ കുട്ടികളും ഇതേ രീതിയിലുള്ള പ്രശ്നങ്ങൾ നേരിടുന്നുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. ആയതിനാൽ തോട്ടം തൊഴിലാളികളുടെ കുട്ടികളുടെ ആരോഗ്യം, സുരക്ഷിതത്വം, വിദ്യാഭ്യാസ അവകാശം എന്നിവ സംരക്ഷിക്കപ്പെടേണ്ടതി നുവേണ്ട നടപടികൾ 1, 2, 3, 4, 5, 6, 7, 8, 9, 10, 11, 12,13,14 എതിർ കക്ഷികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.

(21) ഗ്രാമപഞ്ചായത്തുകൾ കുട്ടികൾക്കായി പ്രത്യേക തുക നീക്കിവെയ്ക്കേണ്ടതും ആയത് മറ്റ് യാതൊരു ആവശ്യത്തിനും ഉപയോഗിക്കാൻ പാടില്ലാത്തതുമാണ്. എല്ലാ ഗ്രാമപഞ്ചായത്തുകളും കുട്ടികൾക്കായി നീക്കി വെച്ച തുക കുട്ടികളുടെ ആവശ്യങ്ങൾക്കു മാത്രമായി വിനിയോഗിക്കുന്നുയെന്ന് 1,3,25-ാം എതിർ കക്ഷികൾ ഉറപ്പ് വരുത്തേണ്ടതാണ്.

(22) പീരുമേട് തോട്ടം മേഖലയിലെ എല്ലാ എൽ.പി, യു.പി, ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിലേയും ടോയ്‌ലറ്റ്, കുടിവെള്ളം, ഇരിപ്പിടങ്ങൾ, കെട്ടിടങ്ങളുടെ സുരക്ഷിതത്വം, അദ്ധ്യാപകരുടെ ലഭ്യത തുടങ്ങിയ കാര്യങ്ങൾ പൊതുവിദ്യാഭ്യാസ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർമാർ മുഖേന 4-ാം എതിർകക്ഷി പരിശോധിക്കേണ്ടതും ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.

ഈ ഉത്തരവിന്റെ പകർപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പിന് കമ്മീഷനിൽ നിന്നും അയച്ചു കൊടുക്കേണ്ടതാണ്. പീരുമേട് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ ഈ ഉത്തരവിന്റെ പകർപ്പ് പീരുമേട് മേഖലയിലെ എല്ലാ എസ്റ്റേറ്റ് ഉടമകൾക്കും മാനേജ്മെന്റുകൾക്കും അയച്ചു കൊടുക്കേണ്ടതാണ്.

കമ്മീഷന്റെ ശുപാർശകളിന്മേൽ എതിർ കക്ഷികൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് 2012-ലെ ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 45 പ്രകാരം ഈ ഉത്തരവ് കൈപ്പറ്റി 60 ദിവസത്തിനകം കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.

ഠഠഠഠ

**sI.\ koÀ**
(sa¼À)

**ao\. kn.bp**
(sa¼À)

**tim`mtImin**
(sNbÀt]gk¬)

## രണ്ട്

# എറണാകുളം ജില്ലയിലെ പെരുമ്പാവൂരിൽ താമസിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ ജീവിത സാഹചര്യവും പ്രശ്നങ്ങളും സംബന്ധിച്ച റിപ്പോർട്ടും ശുപാർശകളും

# t I cf kw Ø m\ _memh I m i kwc £ W I ½ j ³ Xncph \ ´ ]pcw

ഹാജർ : ശ്രീമതി. ശോ ാ കോശി (ചെയർപേഴ്സൺ)
ശ്രീ. കെ. നസീർ (മെമ്പർ)
ശ്രീമതി. മീന. സി.യു (മെമ്പർ)

X o b X n :18.08.2016

## k n. B À. F w. ] n. \ ¼À : 2166/07/LA1/2016/KeSCPCR

I ÀP n I £ n : k z ta [ b m \S ] Sn.

F XnÀ I £ n I Ä :

1) s k { I «dn, s ] mXph nZym_ym k h I p ¸ ,Xncph \ ´ ]pcw.
2) s k { I «dn, te _À & k I nÂ k U n ¸mÀ«saâ , Xncph \ ´ ]pcw.
3) s k { I «dn, Xt± i k z bw_cW h I p ¸ , Xncph \ ´ ]pcw.
4) s k { I «dn, B tcmKyþ I pSpw _ t £ a h I p ¸ , Xncph \ ´ ]pcw.
5) s k { I «dn, k maq I y \ oXn h I p ¸ , Xncph \ ´ ]pcw.
6) te _À I ½ j WÀ, Xncph \ ´ ]pcw.
7) F I ss k k I ½ j WÀ, Xncph \ ´ ]pcw.
8) U b d I SÀ, s ] mXph nZym_ym k h I p ¸ ,Xncph \ ´ ]pcw.
9) U b d I SÀ, B tcmKyþ I pSpw _ t £ a h I p ¸ , Xncph \ ´ ]pcw.

10) UbdISÀ,
kmaqIy\oXn hIp¸, Xncph\´]pcw.

11) tÌä t{]mPIS UbdISÀ,
kÀÆin£m Acn\bm³, F k.F k.F. ch³,
\µmh\w, Xncph\´]pcw þ 695 033.

12) sk{I«dn,
sht§me {Kma]©mb¯,
s]cp¼mhqÀ, FdWmIpfw.

13) sIUamÌÀ,
Kh. bp.]n. kIqÄ I´d,
AÃ{].]n.H, s]cp¼mhqÀ, FdWmIpfw.

# ഉത്തരവ്

1.1 എറണാകുളം ജില്ലയിൽ പെരുമ്പാവൂരിൽ താമസിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ ജീവിത സാഹചര്യങ്ങളും അവർ നേരിടുന്ന പ്രശ്നങ്ങളും നേരിൽ കണ്ട് ബോധ്യപ്പെടുന്നതിനും സത്വര നടപടികൾ ശുപാർശ ചെയ്യുന്നതിനുമായി കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 38 പ്രകാരം 10-03-2016-ന് കമ്മീഷൻ പെരുമ്പാവൂർ പ്ലൈവുഡ് ഫാക്ടറിയും, അല്ലപ്രയിൽ ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന വീടുകളും അല്ലപ്രയിൽ വെങ്ങോല പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന കണ്ടന്തറ ഗവ. യു.പി. സ്കൂളും സന്ദർശിക്കുകയുണ്ടായി.

1.2 സന്ദർശനവേളയിൽ പെരുമ്പാവൂരിലുള്ള പ്ലൈവുഡ് ഫാക്ടറിയിൽ 18 വയസിൽ താഴെയുള്ള കുട്ടികൾ ജോലി ചെയ്യുന്നതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായനടപടി സ്വീകരിക്കുവാൻ ജില്ലാ ലേബർ ഓഫീസർക്ക് കമ്മീഷൻ നിർദ്ദേശം നൽകുകയുണ്ടായി. ഇവരുടെ മേൽവിലാസം, വയസ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ തൊഴിലുടമയുടെ കൈവശമില്ലായിരുന്നു എന്ന് ജില്ലാ ലേബർ ഓഫീസർ ബോധിപ്പിക്കുകയുണ്ടായി. കണ്ടന്തറ ഗവ. യു.പി. സ്കൂളിൽ 181 കുട്ടികൾ പഠിക്കുന്നതിൽ 101 കുട്ടികളും ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളാണെന്നും ടി കുട്ടികൾക്ക് ജനന സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്തത് ഒരു പ്രശ്നമായി നിലനിൽക്കുന്നതായി സ്കൂൾ അധികൃതർ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തി. ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ മൂന്നും നാലും കിലോമീറ്റർ യാത്ര ചെയ്തും നടന്നുമാണ് സ്കൂളിൽ എത്തുന്നതെന്നും സ്പോർട്സിലും കലയിലും ടി കുട്ടികൾ വളരെ കഴിവ് ഉള്ളവരാണെന്നും പ്രധാനാദ്ധ്യാപകൻ പറയുകയുണ്ടായി.

1.3 ടി കുട്ടികൾക്ക് ജനന സർട്ടിഫിക്കറ്റ് അടക്കമുള്ള രേഖകളില്ലാത്തതിനാലും ഇതര സംസ്ഥാന കുട്ടികൾ ആയതിനാലും കുട്ടികൾക്ക് അർഹമായ സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള യാതൊരു ആനുകൂല്യങ്ങളും ലഭിക്കുന്നില്ല എന്നത് കുട്ടികളുടെ അവകാശ ലംഘനമായി കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടു. മാതാപിതാക്കൾ രാവിലെ 7 മണിക്ക് ജോലിക്കു പോകുമ്പോൾ രാവിലെ തന്നെ കുട്ടികളെ സ്കൂളിൽ കൊണ്ടാക്കുന്ന അവസ്ഥയുള്ളതിനാൽ ഭൂരിഭാഗം കുട്ടികളും പ്രഭാത ക്ഷണം കഴിക്കാതെ സ്കൂളിൽവരുന്നസ്ഥിതിവിശേഷമുണ്ടെന്നും കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടു.അന്യസംസ്ഥാന ഭാഷ പഠിപ്പിക്കുന്നതിനായി ഒരു അദ്ധ്യാപകൻ സ്കൂളിൽ ഉണ്ട്. എന്നാൽ പ്രസ്തുത അദ്ധ്യാപകന്റെ സേവനം പി.റ്റി.എ.യുടെ സഹായത്തോടെയാണ് ലഭ്യമാക്കുന്നത്. ടി സ്കൂളിലെ കുട്ടികളുടെ മാതാപിതാക്കൾ സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നവരായതിനാൽ അന്യസംസ്ഥാന ഭാഷ പഠിപ്പിക്കുന്ന അദ്ധ്യാപകന്റെ സഹായിയുടെ വേതനം നൽകുന്നതിൽ പി.റ്റി.എ. സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. പലകുട്ടികളും വൃത്തിഹീനമായാണ് സ്കൂളിൽ എത്തിച്ചേരാറെന്നും കുട്ടികൾക്ക് തൊലിപ്പുറത്തുള്ള രോഗങ്ങൾ ഉള്ളതായും കാണുവാൻ സാധിച്ചു. ടി സ്കൂളിലെ

കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനുവേണ്ട വൈദ്യപരിശോധന നടത്തുന്നില്ല. ധാരാളം ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന കണ്ടന്തറ ഗവ. യു.പി. സ്കൂളിന്റെ നടത്തിപ്പിൽ ഗ്രാമ പഞ്ചായത്ത് കൂടുതൽ ശ്രദ്ധ കാണിക്കേണ്ട തുണ്ടെന്ന് കമ്മീഷന് ബോദ്ധ്യമായി.

1.4 മേൽ പറഞ്ഞ വസ്തുതകൾ സന്ദർശന വേളയിൽ കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ അവകാശം, ആരോഗ്യം, സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പു വരുത്തുന്നതിനുവേണ്ടി 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ 13(i)(j) വകുപ്പ് പ്രകാരം മേൽ വിഷയം സ്വമേധയാ നടപടിയായി അന്വേഷണ വിചാരണ നടത്താൻ കമ്മീഷൻ തീരുമാനിക്കുകയുണ്ടായി.

2. ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ്, ലേബർ കമ്മീഷണർ, എസ്.എസ്.എ. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എറണാകുളം ജില്ലാ കളക്ടർ, എറണാകുളം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ, എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർ, ജില്ലാ ലേബർ ഓഫീസർ, വെങ്ങോല ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ, കണ്ടന്തറ ഗവ. യു.പി. സ്കൂൾ ഹെഡ്മിസ്ട്രസ്സ് എന്നിവർക്ക് കമ്മീഷൻ നോട്ടീസ് നൽകുകയും ചെയ്തു.

3. ലേബർ കമ്മീഷണർ സമർപ്പിച്ച 18-04-2016 തീയതിയിലെ ജി(4) 5770/2016 നമ്പർ റിപ്പോർട്ടിൽ ജില്ലാ ലേബർ ഓഫീസർ, സ്പെഷ്യൽ ജുവനൈൽ പോലീസ്, ജില്ലാ ശിശുസംരക്ഷണ ആഫീസർ, അസിസ്റ്റന്റ് ലേബർ ഓഫീസർ എന്നിവരോടൊപ്പം 10-03-2016 തീയതിയിൽ കമ്മീഷൻ പെരുമ്പാവൂർ ഇരിങ്ങോളിൽ പ്രവർത്തിക്കുന്ന ഡെൽറ്റ പ്ലൈവുഡ് എന്ന സ്ഥാപനത്തിൽ സന്ദർശനം നടത്തിയപ്പോൾ 18 വയസിൽ താഴെ പ്രായം തോന്നിക്കുന്ന 2 തൊഴിലാളികളെ കണ്ടെത്തുകയും ടി തൊഴിലാളികൾക്ക് മേൽവിലാസം, വയസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് തുടങ്ങിയ യാതൊരു രേഖകളും തൊഴിലാളികളുടെയോ തൊഴിലുടമയുടെയോ കൈവശമില്ലായിരുന്നു എന്നും തുടർന്ന് പ്രായം തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുകയും ചെയ്തിട്ടുണ്ടെന്നും ബോധിപ്പിക്കുകയുണ്ടായി.അന്യസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന കണ്ടന്തറ യു.പി. സ്കൂളിൽ അഡ്മിഷൻ സമയത്ത് പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളോ മറ്റ് രേഖകളോ ഹാജരാക്കുന്നതിന് കുട്ടികളുടെ മാതാപിതാക്കൾക്ക് സാധിച്ചിട്ടില്ല എന്നും തൊഴിൽ വകുപ്പിന് അന്യസംസ്ഥാന തൊഴിലാളികൾക്കോ കുടുംബാംഗങ്ങൾക്കോ നിയമപരമായ തിരിച്ചറിയൽ രേഖ നൽകുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ ടി വിഷയം സർക്കാർതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണെന്നും തൊഴിലാളികൾഒരു സ്ഥാപനത്തിൽ നിന്നും കൂടുതൽ ആനുകൂല്യം ലഭിക്കുന്ന മറ്റൊരു സ്ഥാപനത്തിലേയ്ക്ക് മാറിപോകുന്നതും ഇതര സംസ്ഥാന കുട്ടികളുടെ വിദ്യാഭ്യാസത്തെ ബാധിക്കുന്നുണ്ടെന്നും തൊഴിലുടമ അന്യ സംസ്ഥാന തൊഴിലാളികൾക്ക് നൽകുന്ന താമസസൗകര്യങ്ങൾ പരിശോധന നടത്താറുണ്ടെന്നും ടി പരിശോധനസമയത്ത് കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കുവാൻ തൊഴിലുടമകൾക്ക് കർശന നിർദ്ദേശം നൽകാറുണ്ടെന്നും തൊഴിലാളികൾ നേരിട്ട് താമസിക്കുന്ന സ്ഥലങ്ങൾ പരിശോധിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് അധികാരമുള്ളതെന്നും ആരോഗ്യം, റവന്യൂ, സാമൂഹ്യ നീതി, തൊഴിൽ, തദ്ദേശസ്വയംഭരണം,

വിദ്യാഭ്യാസം, ഗതാഗതം, പോലീസ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണെന്നും ബോധിപ്പിക്കുകയുണ്ടായി.

4. എറണാകുളം ജില്ലാ കളക്ടർ സമർപ്പിച്ച 19-04-2016 തീയതിയിലെ എം1-35573/16 നമ്പർ റിപ്പോർട്ടിൽ ജില്ലയിൽ പെരുമ്പാവൂർ മേഖലയിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ സാന്ദ്രത വളരെയേറെയാണെന്നും ഇവരുടെ 6 വയസ് വരെയുള്ള കുട്ടികൾക്ക് സംരക്ഷണം നൽകുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ടെന്നും അംഗനവാടികളിലെ പ്രവേശനം, പോഷകാഹാര വിതരണം, ആരോഗ്യ പരിശോധന, പ്രീ-സ്കൂൾ വിദ്യാഭ്യാസം തുടങ്ങിയവ ഒരു വിവേചനവും കൂടാതെ ലഭ്യമാക്കുന്നുണ്ടെന്നും ഇതര സംസ്ഥാന കുട്ടികളുടെ ജനന സർട്ടിഫിക്കറ്റ് സംബന്ധിച്ച പ്രശ്നപരിഹാരത്തിനായി സർക്കാർതലത്തിൽ തന്നെ നടപടികളുണ്ടാകേണ്ടിയിരിക്കുന്നുവെന്നും സാമൂഹ്യനീതി ഓഫീസർ അറിയിച്ചുണ്ടെന്നും അദ്ധ്യയന വർഷം ആരംഭം മുതൽ മാസം തോറും ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നുള്ള മെഡിക്കൽ ടീം സ്കൂൾ സന്ദർശിക്കുകയും കുട്ടികൾക്ക് വൈദ്യപരിശോധന നടത്തുകയും വിദഗ്ദ്ധ ചികിത്സയ്ക്കായി താലൂക്ക് ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യുന്നതിനും ആവശ്യമുള്ള കുട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്നതിനും വിളർച്ചയുള്ള കുട്ടികൾക്ക് അയേൺ ഗുളിക നൽകുന്നതിനും അവരുടെ ഭാഷയിൽ ആരോഗ്യ വിദ്യാഭ്യാസം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ജില്ലാ ലേബർ ഓഫീസിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ ആഴ്ചയിൽ ഒരു ദിവസം അന്യസംസ്ഥാന തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന സൈറ്റും അവരുടെ താമസസ്ഥലവും സ്ക്വാഡ് പരിശോധന നടത്താറുണ്ടെന്നും സർക്കാരിൽ നിന്നും ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് അന്യ സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ മെഡിക്കൽ സ്ക്വാഡുകളും ബോധവൽക്കരണ ക്ലാസുകളും നടത്തുന്നതാണെന്നും എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ, വെങ്ങോല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും ഇതിനെ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നെങ്കിലും നാളിതുവരെ റിപ്പോർട്ട് ടി കാര്യാലയത്തിൽ ലഭിച്ചിട്ടില്ല എന്നും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ജില്ലാതലത്തിൽ പരിഹരിക്കാവുന്ന പ്രശ്നങ്ങൾ ജില്ലാതലത്തിൽ പരിഹരിക്കുന്നതിനും സർക്കാർതലത്തിൽ പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളുണ്ടെങ്കിൽ അവയിൽ വിശദമായ ശുപാർശ ഉടൻ തന്നെ സർക്കാരിലേയ്ക്ക് നൽകിക്കൊള്ളാം എന്നും ബോധിപ്പിക്കുകയുണ്ടായി.

5. എസ്.എസ്.എ. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ സമർപ്പിച്ച 02-05-2016 തീയതിയിലെ പി.4/976/2016/എസ്.എസ്.എ., എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർ സമർപ്പിച്ച 31-03-2016 തീയതിയിലെ എ1 107/16/എസ്.എസ്.എ. നമ്പർ റിപ്പോർട്ടുകളിൽ കണ്ടന്തറ ഗവ. യു.പി. സ്കൂളിന്റെ പരിസര പ്രദേശങ്ങളിലായി ധാരാളം സ്കൂൾ പ്രവേശനം നേടാത്ത കുട്ടികൾ ഉണ്ടെന്ന ബ്ലോക്ക് റിസോഴ്സ് സെന്ററിന്റെ റിപ്പോർട്ട് പ്രകാരം എസ്.എസ്.എ. വിപുലമായ സ്കൂൾ എൻറോൾമെന്റ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും, സ്കൂളിന് ആവശ്യമായ ക്ലാസ് മുറികൾ പണിതു നൽകുകയും രക്ഷിതാക്കൾക്ക് അവബോധ ക്ലാസുകൾ നടത്തുകയും കുട്ടികൾക്ക് മാതൃഭാഷാ സംവദനത്തിനായി ബംഗാളിൽ നിന്നുള്ള വിദ്യാഭ്യാസ വോളന്റിയറെ നിയമിക്കുകയും ചെയ്തതിന്റെ ഭാഗമായി ഏറ്റവും കൂടുതൽ അന്യസംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ സ്കൂളിലേക്ക്

എത്തിക്കുവാനും സാധിച്ചു എന്നും ബോധിപ്പിക്കുകയുണ്ടായി.2009-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം നിയമ പ്രകാരം സ്കൂൾ പ്രവേശനത്തിന് ജനന സർട്ടിഫിക്കറ്റ് നിർബന്ധമില്ല എന്നും സ്കൂൾ പ്രവേശനം നേടാനെത്തുന്ന വിദ്യാർത്ഥിയെ താലൂക്ക് ആശുപത്രിയിൽ ഹാജരാക്കി ബന്ധപ്പെട്ട സർട്ടിഫിക്കറ്റ് വാങ്ങി തൊട്ടടുത്ത അക്ഷയ സെന്ററിൽ രജിസ്റ്റർ ചെയ്താൽ ഡകള ഉണ്ടാക്കി സമ്പൂർണ്ണയിൽ എന്റർ ചെയ്യുവാൻ നിലവിൽ തടസ്സങ്ങളൊന്നുമില്ല എന്നും കുട്ടികൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ എൽ.പി. സ്കൂളുകളും, മൂന്നു കിലോമീറ്റർ ചുറ്റളവിൽ യു.പി. സ്കൂളുകളും പെരുമ്പാവൂർ സബ് ജില്ലയിൽ നിലവിലുണ്ടെന്നും ബംഗാളി കുട്ടികൾ പഠിക്കുന്ന സ്കൂൾ എന്ന നിലയ്ക്ക് ദൂരെയുള്ള ബംഗാളി കുട്ടികൾ കൂടി പ്രസ്തുത സ്കൂളിൽ വരുന്നതാകാം ഇതിന് കാരണമെന്നും ടി കുട്ടികൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തുവാൻ ബന്ധപ്പെട്ട ഏജൻസികളോട് നിർദ്ദേശിക്കാവുന്നതാണെന്നും മത്സര ഇനങ്ങളിൽ കുട്ടികൾക്ക് പങ്കെടുക്കാനാവാത്ത പ്രശ്നങ്ങളെക്കുറിച്ച് രേഖാമൂലം റിപ്പോർട്ട് ചെയ്തിട്ടില്ല എന്നും മൂവാറ്റുപുഴ സബ് ജില്ലയിൽ സംസ്ഥാന സ്കൂൾ മീറ്റിൽ തിളക്കമാർന്ന നേട്ടം കരസ്ഥമാക്കിയത് ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളാണെന്നും OBC, മുസ്ലീം സ്കോളർഷിപ്പ് ലഭിക്കുന്നതിനായി ഇമലേ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ധനസഹായം ലഭ്യമാക്കുവാൻ സാധിക്കുന്നില്ല എന്നും നിലവിൽ ഉച്ചഭക്ഷണം നൽകുന്നതിനായുള്ള സാഹചര്യമാണ് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉള്ളതെന്നും പ്രത്യേക സാഹചര്യത്തിൽ പ്രാതൽ നൽകുന്നതിനായി കൺവർജൻസ് സാധ്യതകൾ ഉപയോഗപ്പെടുത്താവുന്നതാണെന്നും സർവ്വ ശിക്ഷാ അഭിയാന് ഫർണിച്ചർ ഗ്രാന്റ് നൽകുവാനും കമ്പ്യൂട്ടർ നൽകുവാനുമുള്ള അനുമതി ഇല്ല എന്നും കുട്ടികൾക്ക് മാതൃഭാഷയിൽ സംവദിക്കുന്നതിനായി ബംഗാളിൽ നിന്നുള്ള വിദ്യാഭ്യാസ വോളന്റിയറെ എസ്.എസ്.എ. നിയമിച്ചിട്ടുണ്ടെന്നും കുട്ടികളുടെ എണ്ണം അധികരിച്ച സാഹചര്യത്തിൽ രണ്ടാമത് ഒരു വിദ്യാഭ്യാസ വോളന്റിയറെ കൂടി പ്രസ്തുത സ്കൂളിലേയ്ക്ക് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഇത് അംഗീകരിക്കപ്പെട്ടാൽ രണ്ടാമത്തെ വിദ്യാഭ്യാസ വോളന്റിയർക്കുള്ള വേതനവും എസ്.എസ്.എ. നൽകുന്നതാണെന്നും അന്യ സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്ക് ധാരാളമായി ത്വക്ക് രോഗങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ NRHM പ്രതിനിധികളുമായി ബന്ധപ്പെട്ട് മെഡിക്കൽ ക്യാമ്പ് നടത്തുവാൻ ധാരണയായിട്ടുണ്ടെന്നും ബോധിപ്പിക്കുകയുണ്ടായി.

6. എറണാകുളം ജില്ലാ ലേബർ ഓഫീസർ സമർപ്പിച്ച 08-04-2016 തീയതിയിലെ ജി-2156/2016 നമ്പർ റിപ്പോർട്ടിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ആഴ്ചയിൽ ഒരു ദിവസം അന്യസംസ്ഥാന തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന വർക്ക് സൈറ്റും അവരുടെ താമസസ്ഥലവും സ്ക്വാഡ് പരിശോധന നടത്തുകയും പരിശോധന സമയത്ത് ടി തൊഴിലാളികളുടെ ആരോഗ്യവും, താമസ സൗകര്യവും,സുരക്ഷ എന്നീ വിഷയങ്ങളിൽ പരിശോധന നടത്തി നിയമനടപടികൾ സ്വീകരിക്കാറുണ്ടെന്നും സർക്കാരിൽ നിന്ന് ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പുകൾ അതോടൊപ്പം ബോധവൽക്കരണ ക്യാമ്പുകളും നടത്തുന്നതാണെന്നും അന്യംസ്ഥാന കുട്ടികളുടെ വിദ്യാഭ്യാസം, ശുചിത്വം, യാത്രാസൗകര്യം, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്നിവ

തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലോ അധികാരപരിധിയിലോ വരാത്തതുകൊണ്ട് ടി കാര്യാലയത്തിൽ നിന്നും കണ്ടന്തറ ഗവ. യു.പി. സ്കൂളിലെ കുട്ടികളുടെ യാത്രാസൗകര്യങ്ങളും സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ ഉൾപ്പെടെയുള്ളവ മെച്ചപ്പെടുത്തുന്നതിൽ പങ്ക് ചേരുന്നതിന് നിയമപരമായി സാധിക്കുന്നില്ല എന്നും ബോധിപ്പിക്കുകയുണ്ടായി.

7. വെങ്ങോല ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച 02-07-2016 തീയതിയിലെ എ3-5633/16 നമ്പർ റിപ്പോർട്ടിൽ കണ്ടന്തറ യു.പി. സ്കൂളിൽ പ്രവർത്തിക്കുന്ന അംഗൻവാടിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട കേസ് ഹൈക്കോടതിയിൽ നിലവിലുണ്ടെന്നും 08-07-2016-ന് എറണാകുളം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് കമ്മീഷൻ നടത്തിയ സിറ്റിംഗിൽ വെങ്ങോല ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേരിട്ട് ഹാജരായി മൊഴി തരികയും ചെയ്തു.

8. കണ്ടന്തറ ഗവ. യു.പി. സ്കൂൾ ഹെഡ്മാസ്റ്റർ സമർപ്പിച്ച റിപ്പോർട്ടിൽ രണ്ടു വർഷം മുൻപുവരെ ടി സ്കൂളിൽ 100-ൽ താഴെ കുട്ടികളെ ഉണ്ടായിരുന്നുള്ളു എന്നും എന്നാൽ 2014-15 വർഷം മുതൽ ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ അടക്കം 179 കുട്ടികൾ ടി സ്കൂളിൽ അദ്ധ്യയനം നടത്തുന്നുണ്ടെന്നും ഇതിൽ 101 പേരും ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളാണെന്നും ടി സ്കൂളിൽ എൽ.കെ.ജി. മുതൽ 7 ക്ലാസുകൾ നടത്തുന്നതിനാവശ്യമായ മുറികൾ ഇല്ല എന്നും നിലവിൽ ഇതര സംസ്ഥാന കുട്ടികൾക്കും എൽ.പി., യു.പി. വേർതിരിച്ച് ക്ലാസ് നടത്തുന്നതിന് മുറികളില്ല എന്നും കുട്ടികൾക്ക് സൗകര്യപ്രദമായി പഠനം നടത്തുന്നതിന് ആവശ്യമായ ഫർണിച്ചറുകൾ ഇല്ല എന്നും പ്രഭാതഭക്ഷണം കഴിക്കാതെയാണ് ഭൂരിഭാഗം കുട്ടികളും രാവിലെ സ്കൂളിലെത്തുന്നതെന്നും ഇത് കുട്ടികളുടെ ആരോഗ്യത്തെയും പഠനത്തെയും ബാധിക്കുമെന്നതിനാൽ കുട്ടികൾക്ക് രാവിലെ പോഷകഗുണമുള്ള ലഘുഭക്ഷണം ആവശ്യമാണെന്നും കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും വരും വർഷങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ വർധനയുണ്ടാകുവാനുള്ള സാധ്യത ഉണ്ടെന്നും ബോധിപ്പിക്കുകയുണ്ടായി.

9.1 കേരളത്തിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം കൂടിവരുന്ന സാഹചര്യത്തിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സർക്കാർതലത്തിൽ പ്രത്യേക കർമ്മപദ്ധതികൾ ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. 2009-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം 1 മുതൽ 8-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ സംസ്ഥാന സർക്കാരിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുംചുമതലയുണ്ട്.

9.2 കമ്മീഷൻ പെരുമ്പാവൂരിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലവും കുട്ടികൾ പഠിക്കുന്ന സ്കൂളും സന്ദർശിച്ചതിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യം, സുരക്ഷിതത്വം എന്നീ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ്.കുട്ടികൾക്ക് ആരോഗ്യകരമായ ജീവിത സാഹചര്യം സൃഷ്ടിച്ച് വളരുവാനുള്ള അവസരങ്ങൾ നൽകി ബാല്യത്തിലും യൗവ്വനത്തിലും സംരക്ഷിക്കുവാനുള്ള ചുമതല രാഷ്ട്രത്തിന് ഭരണഘടനാപരമായി നൽകപ്പെട്ടിട്ടുള്ള രാജ്യമാണ് ഇന്ത്യ.വിവിധ വകുപ്പുകളുടെ ഏകോപനവും പ്രവർത്തനവും മെച്ചപ്പെട്ടാൽ മാത്രമേ ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ അവകാശം സംരക്ഷിക്കപ്പെടുകയുള്ളു.

9.3 എറണാകുളം ജില്ലയിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ ഏറ്റവുമധികംപഠിക്കുന്ന പെരുമ്പാവൂർ അല്ലപ്രയിൽ സ്ഥിതി ചെയ്യുന്ന കണ്ടന്തറ യു.പി. സ്കൂളിനുവേണ്ട ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിൽ 2009-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന് വളരെ പ്രധാനപ്പെട്ട പങ്കാണുള്ളത്.

10. മേൽ പ്രതിപാദിച്ചവസ്തുതകളുടെ അടിസ്ഥാനത്തിൽ 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ 15-ാം വകുപ്പ്, 2009-ലെ സൗജന്യവും നിർബന്ധിതവുമായി വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റിലെ 31-ാം വകുപ്പ് എന്നിവ പ്രകാരം താഴെപറയുന്ന ശുപാർശകൾ നൽകി കമ്മീഷൻ ഉത്തരവാകുന്നു.

(എ) കണ്ടന്തറ യു.പി. സ്കൂളിൽ ഭാഷാ അദ്ധ്യാപക സഹായിയുടെ സേവനം അനിവാര്യമാണെങ്കിൽ ാഷാ അദ്ധ്യാപക സഹായിയെ നിയമിക്കുവാനുള്ള നടപടികൾ 8, 11 എതിർകക്ഷികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ കൂടുതലായി പഠിക്കുന്ന എറണാകുളം ജില്ലയിൽ പെരുമ്പാവൂർ-അല്ലപ്ര-വെങ്ങോല ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കണ്ടന്തറ യു.പി. സ്കൂളിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ11, 12 എതിർകക്ഷികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് രാവിലെ നേരത്തേ ജോലിക്ക് പോകേണ്ടതിനാൽ ഇവർ കുട്ടികളെ രാവിലെ 7 മണി മുതൽ സ്കൂളിൽ കൊണ്ടാക്കുന്ന സ്ഥിതി വിശേഷമുള്ളതിനാൽ ടി കുട്ടികൾ പലപ്പോഴും പ്രഭാതഭക്ഷണം കഴിക്കാതെയാണ് സ്കൂളിൽ എത്തിച്ചേരുന്നത്. ആയതിനാൽ പെരുമ്പാവൂർ കണ്ടന്തറ യു.പി. സ്കൂളിൽ പഠിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ മാതാപിതാക്കൾക്ക് കുട്ടികൾക്കുവേണ്ട പ്രഭാതഭക്ഷണം നൽകേണ്ട തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസുകൾ നൽകുവാൻ വേണ്ട നടപടികൾ 11, 12, 13 എതിർകക്ഷികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.

(ഡി) കേരളത്തിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ താമസിക്കുന്ന പാർപ്പിടങ്ങൾ അവരുടെ മാതാപിതാക്കൾ വൃത്തിയായി സൂക്ഷിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള ബോധവത്കരണ ക്ലാസുകൾ നൽകുന്നതിനുള്ള നടപടികൾ2, 6, 11 എതിർകക്ഷികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.

(ഇ) അംഗനവാടികളിൽ കുട്ടികൾക്ക് പോഷകാഹാരം നൽകുമ്പോൾ ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ ഉൾപ്പെടുത്തി അവർക്കും പോഷകാഹാരം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ 5, 10 എതിർകക്ഷികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.

(എഫ്) കേരളത്തിലെ മറ്റ് കുട്ടികൾ പങ്കെടുക്കുന്നതുപോലെ തന്നെ ഇതര സംസ്ഥാന കുട്ടികൾക്കും സബ് ജില്ല, ജില്ല, സംസ്ഥാനതല കലോൽസവങ്ങളിലും കായിക മത്സരങ്ങളിലും പങ്കെടുക്കുവാനുള്ള അവസരം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ1, 8 എതിർകക്ഷികൾസ്വീകരിക്കേണ്ടതാണ്.

(ജി) എല്ലാ ജില്ലകളിലും ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ എസ്.എസ്.എ. വഴി കണ്ടെത്തി സ്കൂളുകളിലെ കുട്ടികൾക്കെല്ലാവർക്കും രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം (ആർ.

ബി.എസ്.കെ) അനുസരിച്ച് മെഡിക്കൽ ക്യാമ്പ് വഴി വൈദ്യപരിശോധന നടത്തുകയും കുട്ടികൾക്കും മാതാപിതാക്കൾക്കും ആരോഗ്യ സംരക്ഷണത്തെയും പരിസര ശുചീകരണത്തെയും കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകളും നടത്തുന്നതിനും വേണ്ട നടപടികൾ 4, 9, 11 എതിർകക്ഷികൾ സ്വീകരിക്കേണ്ടതാണ്.

(എച്ച്) ഇതര സംസ്ഥാന തൊഴിലാളികളുടെ 18 വയസിൽ താഴെ പ്രായമുള്ള കുട്ടികളെ കൊണ്ട് തൊഴിലുടമ ബാലവേല ചെയ്യിക്കുന്നില്ല എന്നും കുട്ടികളെക്കൊണ്ട് ലഹരി പദാർത്ഥങ്ങൾ വിൽപന നടത്തുന്നില്ല എന്നും 18 വയിൽ താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സ്കൂളിൽ പഠിക്കുവാൻ അവസരം ലഭിക്കുന്നുണ്ട് എന്നതും ഉറപ്പു വരുത്തുന്നതിനുവേണ്ട നടപടികൾ 2, 6, 7, 11 എതിർകക്ഷികൾ സ്വീകരിക്കേണ്ടതാണ്.

(ഐ) കേരളത്തിൽ 18 വയസിൽ താഴെയുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനുള്ള നടപടികൾ 2, 6 എതിർകക്ഷികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.

മേൽ ശുപാർശകളിന്മേൽ എതിർ കക്ഷികൾ സ്വീകരിച്ച നടപടികൾ സംബ ന്ധിച്ച റിപ്പോർട്ട് 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 45 പ്രകാരം ടി ഉത്തരവ് കൈപ്പറ്റി60 ദിവസത്തിനകം കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.

oooo

**sI.\ koÀ**
(sa¼À)

**ao\. kn.bp**
(sa¼À)

**tim`mtImin**
(sNbÀt]gk¬)

# മൂന്ന്

# കുട്ടികളിലെ പ്രതിരോധ കുത്തിവയ്പ്പ് സംബന്ധിച്ച റിപ്പോർട്ടും ശുപാർശകളും

# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

## തിരുവനന്തപുരം

**ഹാജർ : ശ്രീമതി. ശോഭ കോശി (ചെയർപേഴ്സൺ)**
**ശ്രീമതി. ഗ്ലോറി ജോർജ്ജ് (മെമ്പർ)**
**ശ്രീ. കെ. നസീർ (മെമ്പർ)**

തീയതി : **22.07.2016**

**സി.ആർ.എം.പി.നമ്പർ :** 5655/10/LA2/2015/KeSCPCR

ഹർജികക്ഷി : സ്വമേധയാ നടപടി.

എതിർകക്ഷികൾ :

1. ഗവൺമെന്റ് സെക്രട്ടറി,
ആരോഗ്യ വകുപ്പ്,തിരുവനന്തപുരം.
2. ഡയറക്ടർ,
ആരോഗ്യ വകുപ്പ്,തിരുവനന്തപുരം.
3. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
മഞ്ചേരി, മലപ്പുറം.
4. ജില്ലാ കളക്ടർ, മലപ്പുറം
5. ഡയറക്ടർ,
സാമൂഹ്യനീതി വകുപ്പ്.
6. ജില്ലാ ശിശുസംരക്ഷണ ഓഫീസർ,
മഞ്ചേരി, മലപ്പുറം.

# ഉത്തരവ്

1. Immunization drive comes a cropper' എന്ന ശീർഷകത്തിൽ 01-12-2015-ന് ദി ഹിന്ദു ദിനപത്രത്തിൽ വന്ന വാർത്തയാണ് ഈ കേസിലെ കമ്മീഷന്റെ സ്വമേധയാ നടപടിയ്ക്ക് കാരണമായത്.മലപ്പുറം ജില്ലയിൽ വെട്ടത്തൂർ, കാലമ്പാടി എന്നീ പ്രദേശങ്ങളിൽ ഡിഫ്തീരിയ എന്ന രോഗം വന്ന് കുട്ടികൾ ആശുപത്രിയിൽ അഡ്മിറ്റായെന്നും രണ്ട് കുട്ടികൾ മരണപ്പെട്ടുവെന്നും അതിനെ തുടർന്ന് ജില്ലയിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പ്രതിരോധ കുത്തിവെയ്പ്പ് നടപടികൾ ഊർജിതമാക്കിയെന്നും 5 വയസ്സിൽ താഴെയുള്ള 23,000 കുട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പ്പുകൾ എടുത്തിട്ടില്ലെന്നും ഈ കുട്ടികളുടെ രക്ഷിതാക്കൾ കുത്തിവെയ്പ്പിന് എതിരാണെന്നും ഹോമിയോപ്പതി, നാച്ചറോപ്പതി എന്ന വിഭാഗങ്ങളിലെ ചില ആളുകൾ കുത്തിവെയ്പ്പിനെതിരായി സമൂഹമാധ്യമങ്ങളിലടക്കം പലവിധത്തിൽ പ്രചരണം നടത്തുന്നത് പ്രതിരോധ കുത്തിവെയ്പ്പ് പരിപാടിയെ വളരെ പ്രതികൂലമായി ബാധിക്കുന്നുവെന്നും ആയതിനാൽ 4,000 കുട്ടികൾക്ക് മാത്രമാണ് കുത്തിവെയ്പ്പ് നൽകുവാൻ സാധിച്ചതെന്നുമായിരുന്നു വാർത്തയുടെ സാരാംശം.

2. രോഗപ്രതിരോധ കുത്തിവെയ്പ്പ് വാക്സിനുകളുടെ ശാസ്ത്രീയ അടിത്തറയും ഗുണഫലങ്ങളും സുവ്യക്തമായിട്ടുള്ള ഇന്നത്തെ ആധുനിക കാലഘട്ടത്തിലും സാക്ഷരതയിൽ ഏറ്റവും മുന്നിട്ടു നിൽക്കുന്ന കേരളത്തിൽ പ്രത്യേകിച്ചും മലപ്പുറം, കാസർഗോഡ് തുടങ്ങിയ ജില്ലകളിലും മറ്റ് ചില പ്രദേശങ്ങളിലുംഅഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികളിൽ നല്ലൊരു ശതമാനത്തോളം കുട്ടികൾ രോഗപ്രതിരോധ കുത്തിവെയ്പ്പ് എടുത്തിട്ടില്ല എന്ന വസ്തുത അത്യന്തം ആശങ്കാജനകവും ഗൗരവതരവും പൊതുജനാരോഗ്യ വീക്ഷണത്തിൽ അംഗീകരിക്കാൻ കഴിയുന്നതുമല്ല. ഇമ്മ്യൂണൈസേഷൻ തോത് 50 ശതമാനത്തിൽ താഴെയാണെന്ന് രാജ്യത്ത് കണ്ടെത്തിയ ജില്ലകളിൽ മേൽപ്പറഞ്ഞ രണ്ടു ജില്ലകളും ഉൾപ്പെടുന്നു എന്നതും ഗൗരവമേറിയ കാര്യമാണ്. യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പദ്ധതി എന്ന ദേശീയ ആരോഗ്യ പരിപാടി (National Immunization Programme) കുട്ടികളുടെ അതിജീവനവും, ആരോഗ്യവും തൽഫലമായുള്ള ജീവിത ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച നയത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയിട്ടുള്ളതാണ്. ഇത് രാജ്യത്തെ പൊതുസമൂഹത്തിന്റെ ആകെ നിലനിൽപ്പിനും ഭദ്രതയ്ക്കും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ഇന്ത്യൻ ഭരണഘടനയുടെ 21-ാം അനുച്ഛേദ പ്രകാരവും ഐക്യരാഷ്ട്ര പൊതുസ യുടെ കുട്ടികൾക്കായുള്ള അവകാശ ഉടമ്പടിയുടെ 4-ാം അനുച്ഛേദ പ്രകാരവും അത് കുട്ടികളുടെ മൗലികാവകാശവും ബാലാവകാശവുമാണ്.

3. ഐക്യരാഷ്ട്ര പൊതുസഭ പാസ്സാക്കിയ കുട്ടികളുടെ അവകാശ ഉടമ്പടി (UNCRC) അനുസരിച്ച് അതിജീവനം (Survival), സംരക്ഷണം (Protection),വികാസം (Development) എന്നിവ ബാലാവകാശങ്ങളാണ്. പ്രസ്തുത ഉടമ്പടിയിൽ ഇന്ത്യയും ഒപ്പുവെച്ചിട്ടുള്ളതാണ്. അതിനാൽത്തന്നെ കുട്ടികളുടെ

മേൽപ്പറഞ്ഞ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഉറപ്പാക്കുന്നതിനുംരാഷ്ട്രത്തിനും സർക്കാരിനും ചുമതലയുണ്ട്. കുട്ടികളെ രാഷ്ട്രത്തിന്റെ അമൂല്യ സമ്പത്തായി ഉദ്ദേശം അരനൂറ്റാണ്ടിനുംമുമ്പേ, 1974-ൽ പ്രഖ്യാപിച്ച് ലോകരാഷ്ട്രങ്ങൾക്ക് മാതൃക കാട്ടിയ രാജ്യമാണ് ഇന്ത്യ. അതിനാൽത്തന്നെ കുട്ടികളുടെ അതിജീവനത്തിനും ആരോഗ്യസുരക്ഷയ്ക്കും നമ്മുടെ രാജ്യം നൽകിവരുന്ന പ്രാധാന്യം അത്രയ്ക്ക് വലുതാണ്. രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ എടുക്കുന്നതിലൂടെ മാരകമായ പല പകർച്ചവ്യാധികളെയും ഫലപ്രദമായി തടയാനാകുമെന്നതും കുത്തിവെയ്പ്പെടുക്കാത്തപക്ഷം സ്വയം രോഗത്തിന്റെ പിടിയിലാകുമെന്നതിനുപുറമെ മറ്റുള്ളവർക്ക് രോഗബാധയ്ക്ക് കാരണക്കാരായി തീരുമെന്നതും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതാണ്. രോഗപ്രതിരോധ കുത്തിവെയ്പ്പുകളുടെ ഭൂരിഭാഗവും നടപ്പാക്കപ്പെടുന്ന ശൈശവ കാലഘട്ടത്തിൽ കുഞ്ഞുങ്ങളുടെ സംരക്ഷണ ചുമതലയുള്ളവർ ഏകപക്ഷീയമായി എടുക്കുന്ന തെറ്റായ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ യഥാസമയം രോഗപ്രതിരോധ കുത്തിവെയ്പ്പ് നൽകാതിരിക്കുന്നത് അധാർമ്മികവും നിയമവിരുദ്ധവും മൗലികാവകാശ ലംഘനവും കടുത്ത ബാലാവകാശ നിഷേധവുമാണ്. ഇത്തരം നീക്കം എന്തുവിലകൊടുത്തും തടഞ്ഞേ മതിയാകൂ.

4. മേൽ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ13(1)(j)വകുപ്പ് പ്രകാരം സ്വമേധയാ നടപടി സ്വീകരിച്ച കമ്മീഷൻ രണ്ട്, നാല്, ആറ്എതിർകക്ഷികളോട് അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടു.

5. ടി വിഷയത്തിൽ ആറാം എതിർകക്ഷി സമർപ്പിച്ച 22-02-2016 തീയതിയിലെ റിപ്പോർട്ടിൽ മലപ്പുറം ജില്ലയിലെ വെട്ടത്തൂർ അൻവാറുൽ ഹുദാ ഓർഫണേജിലെ രണ്ടു കുട്ടികൾ സെപ്റ്റംബർ 13, 17 തീയതികളിൽ ഡിഫ്തീരിയ ബാധിച്ച് മരണപ്പെട്ട സാഹചര്യത്തിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ രോഗം വരാതിരിക്കുവാനും, പടരാതിരിക്കുവാനും പ്രതിരോധ കുത്തിവെയ്പ്പ് പരിപാടി സംഘടിപ്പിച്ചുവെന്നും 5 വയസ്സിൽ താഴെയുള്ള 23,000 കുട്ടികളും 7 വയസ്സിന് താഴെയുള്ള 47,000 കുട്ടികളും പ്രതിരോധ കുത്തിവെയ്പ്പെടുക്കാത്തതായുണ്ടെന്ന് മെഡിക്കൽ ഓഫീസർ പറഞ്ഞുവെന്നും 5 കുട്ടികൾക്കു കൂടി രോഗം സ്ഥിരീകരിച്ചതായും ഡിഫ്തീരിയ, ടെറ്റനസ്, അഞ്ചാംപനി എന്നീ രോഗങ്ങൾ ജില്ലയിൽ പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ ജില്ലയിലെ 15 ബ്ലോക്കുകളിലും 'മിഷൻമുക്തി' എന്ന പേരിൽ പ്രതിരോധ കുത്തിവെയ്പ്പ് പരിപാടികൾ സംഘടിപ്പിച്ചിരുന്നുവെന്നും ഒരു സംഘടനയുൾപ്പെടെചില വ്യക്തികളാണ് പ്രതിരോധ കുത്തിവെയ്പ്പിനെതിരെ കുപ്രചരണം നടത്തുന്നതെന്നും വാട്സാപ്പ്, യുട്യൂബ് തുടങ്ങിയ സമൂഹമാധ്യമങ്ങളിൽ ഇവരുടെ കുപ്രചരണങ്ങൾക്ക് ഏറെ സ്ഥാനമുണ്ടായിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.പ്രസ്തുത 22-02-2016 തീയതിയിലെ റിപ്പോർട്ട് Exhibit R6 (a) ആയി അക്കമിട്ട് കമ്മീഷൻ തെളിവിൽ ചേർക്കുന്നു.

6. നാലാം എതിർകക്ഷി സമർപ്പിച്ച 09-06-2016 തീയതിയിലെറിപ്പോർട്ടിൽ സംസ്ഥാനത്ത് മറ്റ് ജില്ലകളെ അപേക്ഷിച്ച് മലപ്പുറം ജില്ലയിൽ രോഗപ്രതിരോധ കുത്തിവെയ്പ്പ് എടുക്കുന്നത് കുറവാണെന്നും 5 വയസ്സിന് താഴെയു ള്ള കുട്ടികളിൽ 25 ശതമാനത്തോളം കുട്ടികൾ പൂർണ്ണമായോ ഭാഗികമായോ പ്രതിരോധ കുത്തിവെയ്പ്പ് എടുക്കാത്തവരാണെന്നും ഇതിന് പ്രധാന കാരണം വാക്സിനേഷനും, മോഡേൺ മെഡിസിനും എതിരായി പ്രവർത്തിക്കുന്ന ഒരു വിഭാഗമാണെന്നും

ഇവർ പ്രധാനമായും നാചറോപ്പതിയും പ്രത്യേകമായ ഒരു അടിസ്ഥാന യോഗ്യതയു മില്ലാതെ ചികിത്സ നടത്തുന്നവരാണെന്നും ആരോഗ്യപ്രവർത്തകർക്കെതിരെ വക്കീൽ നോട്ടീസ് അയപ്പിക്കുകയും ചെയ്യുന്നു വെന്നും ഇവരുടെ കുപ്രചരണങ്ങളിൽ ഒരു വിഭാഗം ജനങ്ങൾ വശംവദരാകുകയും രോഗം വരുമ്പോൾ ചികിത്സിച്ചു കൊള്ളാ മെന്നും പ്രതിരോധ കുത്തിവെയ്പ്പ് വേണ്ടെ ന്നുമുള്ള നിലപാട് സ്വീകരിക്കുന്നുവെന്നും കുപ്രചരണം നടത്തുന്നവർ അവർ പറയുന്ന ത് തെറ്റാണെങ്കിൽ എന്തുകൊണ്ട് അവർക്കെ തിരെ നിയമനടപടികൾ എടുക്കുന്നില്ലെന്ന് ചോദിച്ച് ആരോഗ്യ പ്രവർത്തകരെ നിശബ്ദ രാക്കുകയാണെന്നും കുട്ടികൾക്ക് സമയബ ന്ധിതമായി എടുക്കേണ്ട കുത്തിവെയ്പ്പുകൾ എടുക്കാത്തതിനാൽ പലപ്പോഴും 12, 13 വയസ്സിലാണ് ഡിഫ്തീരിയ, ടെറ്റനസ് മുതലായ രോഗങ്ങൾ ഉണ്ടാകുന്നതെന്നും ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, മെഡിക്കൽ കോളേജ് ഐ.എ.വി., ഐ.എം. എ. എന്നിവരുടെ നേതൃത്വത്തിൽ പ്രതിരോധ കുത്തിവെയ്പ്പും, ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിച്ചതിന്റെ പശ്ചാത്ത ലത്തിൽ 0-2 വയസ്സുള്ള കുട്ടികളുടെ ഇമ്മ്യൂ ണൈസേഷൻ സ്റ്റാറ്റസ് ഉയർത്തുവാൻ കഴി ഞ്ഞുവെന്നും എന്നാൽ 8-16 വയസ്സുള്ള കുട്ടി കളുടെ ഇമ്മ്യൂണേസേഷൻ സ്റ്റാറ്റസ് ഇപ്പോൾ 64% ആണെന്നും ഇമ്മ്യൂണൈസേഷൻ മൂലം തടയാൻ കഴിയുന്ന രോഗങ്ങൾ ഇനിയും ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് ആശങ്കപ്പെ ടുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത 09-06-2016 തീയതിയിലെ റിപ്പോർട്ട് Exhibit R4 (a) ആയി അക്കമിട്ട് കമ്മീഷൻ തെളിവിൽ ചേർക്കുന്നു.

7. നാലാം എതിർകക്ഷിയുടെ റിപ്പോർട്ടിന്റെ അതേ പകർപ്പാണ് രണ്ടാം എതിർകക്ഷി സമർ പ്പിച്ചത്. രണ്ടാം എതിർകക്ഷി 21-06-2016 തീയ തിയിൽ സമർപ്പിച്ച റിപ്പോർട്ട് Exhibit R2(a) ആയി അക്കമിട്ട് കമ്മീഷൻ തെളിവിൽ ചേർക്കുന്നു.

8. 1985-ലാണ് ഭാരത സർക്കാർ യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പദ്ധതി ആരംഭിച്ചത്. പോളിയോ മൈലൈറ്റിസ്, ഡിഫ്തീരിയ, ടെറ്റനസ്, വില്ലൻചുമ, അഞ്ചാംപനി എന്നീ രോഗങ്ങളിൽ പലതും പ്രതിരോധ കുത്തി വെയ്പ്പ് നടപടികളിലൂടെ നമ്മുടെ നാട്ടിൽ നിന്നും തുടച്ചു നീക്കുവാൻ കഴിഞ്ഞതാണ്. ലോകാരോഗ്യ സംഘടനയുടെ 2012-ലെ കണ ക്കനുസരിച്ച് ഒരു വർഷം 2.5 ദശലക്ഷം മരണ ങ്ങൾ രോഗപ്രതിരോധ കുത്തിവെയ്പ്പിലൂടെ തടയുവാനായിട്ടുണ്ടെന്നാണ്. വസൂരി, കൈകാലുകളുടെ തളർച്ചയ്ക്ക് കാരണമാ കുന്ന പോളിയോ എന്നീ രോഗങ്ങൾ ഇന്ത്യ യിൽ നിന്നും തുടച്ചു മാറ്റപ്പെട്ടത് വാക്സിനേ ഷൻ കൊണ്ടുമാത്രമാണ്. 2014-ൽ ലോകാ രോഗ്യ സംഘടന ഇന്ത്യയെ പോളിയോ വിമുക്തമായ രാജ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇത്തരത്തിൽ രോഗപ്രതിരോധ കുത്തിവെ യ്പ്പിലൂടെ മാരകമായതും പടർന്നു പിടിക്കാൻ വളരെയധികം സാധ്യതയുള്ളതുമായ ഒൻപത് രോഗങ്ങളിൽ നിന്നും രാജ്യത്തെ ജനങ്ങളെ രക്ഷിക്കുന്നതിനാണ് നാഷണൽ ഇമ്മ്യൂണൈ സേഷൻ പ്രോഗ്രാം പ്രകാരമുള്ള കുത്തിവെ യ്പ്പുകൾ സർക്കാർ സൗജന്യമാക്കിയത്.

9. പൊതുസമൂഹത്തിൽ എല്ലാപേരും പ്രതി രോധ കുത്തിവെയ്പ്പിന് വിധേയരാകാതെ കുറേപേർ വിട്ടുനിന്നാൽ പ്രതിരോധ കുത്തി വെയ്പ്പുകൊണ്ട് ഉദ്ദേശിക്കുന്ന ഫലം ഉണ്ടാ കുകയില്ല. ഇത് പ്രതിരോധ കുത്തിവെയ്പ്പി ലൂടെ ഒരിക്കൽ നിർമ്മാർജ്ജനം ചെയ്ത രോഗം തിരിച്ചുവരുവാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതാണ്. മാത്രമല്ല ഇതിലൂടെ സൃഷ്ടിക്കപ്പെടുന്ന പൊതുജനാരോഗ്യ പ്രതിസന്ധി അതീവ ഗുരുതരവും രോഗപ്രതി രോധ പ്രവർത്തനങ്ങൾക്കായി സർക്കാർ ചിലവഴിക്കുന്ന പൊതു പണം പാഴായിപ്പോ കുന്നതിനിടവരുത്തുകയും ചെയ്യുന്നതാണ്.

ഉന്മൂലനം ചെയ്യപ്പെട്ട രോഗങ്ങൾ തിരികെ എത്തുംവിധം പ്രതിരോധ കുത്തിവെയ്പ്പ് സ്വീകരിക്കാതെ ഇത്തരത്തിൽ വിട്ടുനിൽക്കുന്നത് സമൂഹത്തോടും രാജ്യത്തോടുമുള്ള വെല്ലുവിളിയും സാഹോദര്യം പുലർത്താത്ത നടപടിയുമാണ്. ഇത് പരിഷ്കൃത സമൂഹത്തിലും രാജ്യത്തെ നിയമ വ്യവസ്ഥിതിയിലും അംഗീകരിക്കാൻ കഴിയാത്തതാണ്. ഇപ്പോൾ ഡിഫ്തീരിയ പോലുള്ള രോഗങ്ങൾ തിരികെ എത്തിയത് ഇത്തരം ഉദാസീനതയുടെയും അലംഭാവത്തിന്റെയും ഫലമായാണ്.

10. വാക്സിനേഷന് വിധേയമാകാത്ത ഗർഭിണികളും കുട്ടികളും പ്രതിരോധ കുത്തിവെയ്പ്പു മൂലം തടയാൻ കഴിയുന്ന പലവിധ രോഗങ്ങൾക്കും അടിമപ്പെടുവാനും രോഗം വന്നാൽ തീവ്രത കൂടാനുമുള്ള സാധ്യത വളരെ അധികമാണെന്നും പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. മാത്രവുമല്ല, ഇത്തരം രോഗങ്ങൾ തിരിച്ചുവരുമ്പോൾ കാരണമാകുന്ന രോഗാണുക്കൾ പൂർവ്വാധികം ശക്തിയോടെ തിരികെ വരികയും അത് കുത്തിവെയ്പ്പ് എടുത്ത കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഭീഷണിയാകുകയും ചെയ്യുന്നതാണ്. ഇത് സമൂഹത്തിലാകെ മഹാമാരി പടർന്നു പിടിക്കുന്നതിന് കാരണമാകുന്നതും മനുഷ്യരാശിയുടെ നിലനിൽപ്പിന് ഭീഷണിയുമാണ്.

11. ഇന്ത്യയിൽ നിന്നും പല വിദേശ രാജ്യങ്ങളിലേക്ക് പോകുന്നതിനുംപ്രതിരോധ കുത്തിവെയ്പ്പുകൾ നിർബന്ധമാണ്. കുപ്രചരണങ്ങളിൽപ്പെട്ട് കുട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നൽകാൻ വിസമ്മതിക്കുന്ന രക്ഷിതാക്കൾ വിദേശ രാജ്യങ്ങളിലേയ്ക്ക് ജോലി തേടി പോകുമ്പോൾ നിർബന്ധമായ രോഗ പ്രതിരോധ കുത്തിവെയ്പ്പ് എടുക്കുവാൻ തയ്യാറാകുകയും എന്നാൽ അവരുടെ കുട്ടികളുടെ കാര്യത്തിൽ എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്യുന്നത് വിരോധാഭാസവും കുട്ടികൾക്ക് നൽകേണ്ട ശ്രദ്ധയും സംരക്ഷണവും നൽകുന്നതിലെ വീഴ്ചയുമാണ്. ഇത് കുട്ടികളോടുള്ള കടുത്ത ബാലാവകാശ ലംഘനം/നിഷേധമാണ്.നാഷണൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിൽപ്പെട്ട കുത്തിവെയ്പ്പുകൾ എടുക്കാതിരിക്കുന്നതിന്റെ ഭവിഷ്യത്ത് കണക്കിലെടുക്കാതെ കുഞ്ഞുങ്ങളെ രോഗാവസ്ഥയിലേയ്ക്കും ഒരുപക്ഷേ മരണത്തിലേയ്ക്കുപോലും തള്ളിവിടുന്നതും രോഗപ്രതിരോധ കുത്തിവെയ്പ്പ് നൽകാതിരിക്കുന്നതും രക്ഷിതാക്കളുടെ വീഴ്ചയായി ക്കണ്ട് കുട്ടികളുടെ സംരക്ഷണം സർക്കാരിന് ഏറ്റെടുക്കാൻ കഴിയുന്ന നിയമവ്യവസ്ഥകൾ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റിലടങ്ങിയിട്ടുണ്ട്. മാത്രമല്ല രോഗപ്രതിരോധ കുത്തിവെയ്പ്പ് എടുക്കാതിരിക്കുന്നത് പൊതുജനാരോഗ്യ താല്പര്യങ്ങൾക്ക് തീർത്തും വിരുദ്ധവുമാണ്. ഇക്കാരങ്ങളാൽ ബാലനീതി നിയമത്തിലെ 75-ാം വകുപ്പ് പ്രകാരം ഇത് കുട്ടികളോടുള്ള ക്രൂരതയായി കരുതാവുന്നതും ഉത്തരവാദിയായ രക്ഷിതാവിനോ/സംരക്ഷകനോ എതിരെ ക്രിമിനൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

12. മലപ്പുറം ജില്ലയിൽ അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികളിൽ25 ശതമാനത്തോളം കുട്ടികൾ രോഗപ്രതിരോധകുത്തിവെയ്പ്പ് എടുത്തിട്ടില്ല എന്നാണ് Exhibit R2 (a) റിപ്പോർട്ട് വെളിപ്പെടുത്തുന്നത്. എന്നാൽ പ്രതിരോധ കുത്തിവെയ്പ്പ് കുട്ടികൾക്ക്നൽകുന്ന കാര്യം സമ്പൂർണ്ണമാക്കാത്തത് കേവലം മലപ്പുറം ജില്ലയിൽ മാത്രമുള്ളതല്ല. സംസ്ഥാനത്ത് മറ്റു പല പ്രദേശങ്ങളിലും ഇതൊരു പ്രതിസന്ധിയായി നിലകൊള്ളുകയാണ്. അതിനാൽ സംസ്ഥാന വ്യാപകമായി ഇക്കാര്യത്തിൽ ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തി പ്രതിരോധ കുത്തിവെയ്പ്പ് എടുത്തതും എടുക്കാത്തതുമായ കുട്ടികളുടെ കൃത്യമായ വിവരശേഖരണം (Database) നടത്തി ഇമ്മ്യൂണൈസേഷൻ സമ്പൂർണ്ണമാക്കേണ്ടതുണ്ട്. കുട്ടികളുടെ സംരക്ഷണച്ചുമതലയുള്ള

സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുടെ കാര്യത്തിൽപോലും 100% ഇമ്മ്യൂണൈസേഷൻ സാധ്യമായിട്ടില്ല എന്നത് ഒരു വസ്തുതയാണ്. ഇപ്പോൾ ഡിഫ്തീരിയമൂലമുള്ള മരണങ്ങൾ സംഭവിച്ചത് ഒരു ഓർഫണേജിലാണെന്നത് പ്രതിരോധ കുത്തിവെയ്പ്പ് കുട്ടികളുടെ സംരക്ഷണ സ്ഥാപനങ്ങളിൽ പോലും ഉറപ്പാക്കാൻ ആരോഗ്യ-സാമൂഹ്യ നീതി വകുപ്പുകൾക്ക് കഴിഞ്ഞില്ലെന്ന യാഥാർത്ഥ്യം വ്യക്തമാക്കുന്നതാണ്.

13. അതേസമയം നാഷണൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിൽപ്പെടുന്ന പ്രതിരോധ കുത്തിവെയ്പ്പെടുപ്പിക്കുന്നത് ആരോഗ്യവകുപ്പിന്റെ മാത്രം ഉത്തരവാദിത്തമായി പലപ്പോഴും ചിത്രീകരിക്കപ്പെടുന്നുവെന്നതും ഒരു വസ്തുതയാണ്. യഥാർത്ഥത്തിൽ ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശസ്വയം ഭരണം, സാമൂഹ്യനീതി, പട്ടികജാതി/പട്ടികവർഗ വികസനം, വിവര പൊതുജന സമ്പർക്കം തുടങ്ങിയ എല്ലാ വകുപ്പുകളുടെയും ബന്ധപ്പെട്ട കർത്തവ്യവാഹകരുടെയും കൂട്ടായ പ്രവർത്തനങ്ങളും പൊതുസമൂഹത്തിന്റെയും മാധ്യമങ്ങളുടെയും എല്ലാം യോജിച്ചുള്ള മുന്നേറ്റവും പ്രതിരോധ കുത്തിവെയ്പ്പുകൾ സമ്പൂർണ്ണമാക്കുന്നതിൽ അത്യന്താപേക്ഷിതവും വളരെയധികം നിർണ്ണായകവുമാണ്.

14. മേൽപ്പറഞ്ഞ തരത്തിലുള്ള ഉത്തരവാദിത്തം, സെക്കന്ററിതല വിദ്യാഭ്യാസം ഏവർക്കും പ്രാപ്യമാക്കുന്നതിനും സെക്കന്ററിതല വിദ്യാഭ്യാസത്തിന്റെ മേന്മ വർദ്ധിപ്പിക്കുന്നതിനുമായി കേന്ദ്രസർക്കാർ രൂപം നൽകിയിട്ടുള്ള രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.)-ന്റെ ഭാഗമായി പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി രൂപരേഖയിലെ അദ്ധ്യായം 9, ഖണ്ഡം 9.1-ൽസ്കൂൾ മാനേജ്മെന്റ് ആന്റ് ഡെവലപ്മെന്റ് കമ്മിറ്റികൾക്ക് (എസ്.എം.ഡി.സി.) നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളിലെ രോഗപ്രതിരോധ കുത്തിവെയ്പ്പിന്റെ പുരോഗതിയും കുട്ടികളുടെ ആരോഗ്യസ്ഥിതിയുംഎസ്.എം.ഡി.സി. നിരീക്ഷിച്ച് ഉറപ്പുവരുത്തണമെന്ന് ഇതുപ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.ഇത്തരത്തിൽ യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമുമായി ബന്ധപ്പെട്ട ഓരോ കർത്തവ്യവാഹകർക്കും രോഗപ്രതിരോധ കുത്തിവെയ്പ്പ് നടപടികൾ വിജയകരമാക്കുന്നതിനുള്ള ഉത്തരവാദിത്തം സർക്കാർ നൽകേണ്ടതാണ്.

15. സ്ഥിതിഗതികൾഅത്യന്തം ആശങ്കാജനകവും ഗൗരവതരവുമായിട്ടും വിഷയത്തെക്കുറിച്ച് വ്യക്തമായ അ ിപ്രായം രേഖപ്പെടുത്താതെയുംമലപ്പുറം ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കാതെയും അതേപടി പകർത്തി കമ്മീഷന് സമർപ്പിച്ച ആരോഗ്യ വകുപ്പ് ഡയറ്കടറുടെ നടപടി ഉചിതമായില്ല. മലപ്പുറം, കാസർഗോഡ് ജില്ലകൾ ഉൾപ്പെടെ സംസ്ഥാനത്ത് കുട്ടികളുടെ ഇമ്മ്യൂണൈസേഷൻ ശതമാനം ക്രമാതീതമായി കുറഞ്ഞിട്ടും ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദ്ദേശം നൽകിയത് ഡിഫ്തീരിയ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ട അടുത്തകാലയളവിലാണ് എന്ന വസ്തുത അത്യന്തം ഗൗരവമേറിയതാണ്.രോഗപ്രതിരോധ കുത്തിവെയ്പ്പിലൂടെ നിയന്ത്രിക്കാമായിരുന്ന ഡിഫ്തീരിയ രോഗംമൂലം 2015-ലും 2016-ലും 2 വീതം കുട്ടികൾ മരണപ്പെടുന്നതുവരെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാതിരുന്നതാണ് കുട്ടികളെയും മുതിർന്നവരെയും ഒന്നുപോലെ ഇപ്പോൾ അപകട ഭീതിയിലാക്കിയിരിക്കുന്നത്. ഡോക്ടർമാരും മറ്റു ആരോഗ്യ ജീവനക്കാരും പ്രവർത്തകരും അടക്കം ഡിഫ്തീരിയ പ്രതിരോധ കുത്തിവെയ്പ്പ് എടുക്കേണ്ട നിലവിലെ അവസ്ഥ അത്യന്തം ഗുരുതരമാണ്. സ്ഥിതിഗതികൾ ഇത്രയധികം വഷളായിട്ടും പ്രതിരോധ കുത്തിവെയ്പ്പ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും അവയ്ക്കെതിരെയുള്ള പ്രചരണങ്ങളെ ചെറുക്കുന്നതിനും സംവിധാനങ്ങൾ കഴിഞ്ഞ കുറേ വർഷങ്ങളായി ഉണർന്ന് പ്രവർത്തിച്ചതായി

കാണുന്നില്ല. ഇത് സ്ഥിതിവിശേഷം കൂടുതൽ ഗുരുതരമാക്കുകയായിരുന്നു. യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിൽപ്പെട്ട പ്രതിരോധ കുത്തിവെയ്പ്പുകൾ അവസ്ഥാവിശേഷം കൊണ്ട് സ്വന്തമായി തീരുമാനങ്ങൾ എടുക്കാനോ പ്രവർത്തിക്കാനോ കഴിയാത്ത ഇളംപ്രായം മുതൽക്കേയുള്ള വിവിധ ഘട്ടങ്ങളിലായി കുഞ്ഞുങ്ങൾക്ക് നൽകുവാനുള്ളതാണ്. ഇതിൽ രക്ഷാകർത്താക്കൾ വരുത്തുന്ന കുറ്റകരമായ വീഴ്ചയാണ് നിഷ്കളങ്കരായ കുട്ടികളുടെ ജീവൻതന്നെ നഷ്ടപ്പെടുന്ന അവസ്ഥയിലേയ്ക്കെത്തിക്കുന്നത്. ശൈശവ കാലഘട്ടത്തിൽ യഥാസമയം രോഗപ്രതിരോധ കുത്തിവെയ്പ്പ് ലഭിക്കാത്തതുകൊണ്ടാണ് പിൽക്കാലത്ത് ഏതെങ്കിലും വിധത്തിലുള്ള മാരകമായ രോഗത്തിന് താൻ അടിമപ്പെട്ടതെന്ന് തിരിച്ചറിയുന്നവേളയിൽ തന്റെ ദുർഗതിയെ ഓർത്ത് വിലപിക്കാൻ മാത്രമേ ആ വ്യക്തിയ്ക്ക് കഴിയുകയുള്ളൂ.

16. **ഭാരതത്തിന്റെ ഭരണഘടനയിലെ 51എ അനുച്ഛേദപ്രകാരം ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും പുലർത്തേണ്ടത് ഓരോ പൗരന്റേയും മൗലിക കർത്തവ്യമാണ്. രാഷ്ട്രം അതിന്റെ യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേയ്ക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി പരിശ്രമിക്കേണ്ടതും മൗലിക കർത്തവ്യമാണ്.ശാസ്ത്രീയമായ കാഴ്ച്ചപ്പാട് പുലർത്തി അന്ധവിശ്വാസങ്ങൾക്കും ശാസ്ത്രീയ അടിത്തറയില്ലാത്തതുമായ കുപ്രചരണങ്ങൾക്കുമെതിരെ നിലകൊള്ളുവാൻ ഓരോ പൗരനും ബാധ്യസ്ഥനാണ്. ഇത് പൗരധർമ്മമാണ്. പ്രതിരോധ കുത്തിവെയ്പ്പിനെതിരെയുള്ളകുപ്രചരണങ്ങൾ അതുകൊണ്ടുതന്നെ ഭരണഘടന അനുശാസിക്കുന്ന മൗലികകർത്തവ്യങ്ങൾക്ക് വിരുദ്ധവുമാണ്.പ്രതിരോധ കുത്തിവെയ്പ്പ് സ്വീകരിക്കില്ല എന്ന് സ്വയം തീരുമാനിക്കുവാൻ പൗരന്മാർക്ക് അവകാശവുമില്ല. യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പരിപാടിയിലൂടെ മഹാമാരികളെ ഇല്ലായ്മ ചെയ്യാൻ സർക്കാർ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ അതിനെതിരെ നിലകൊള്ളുവാൻ പൗരന്മാർക്ക് ഭരണഘടനാപരമായി യാതൊരു അവകാശവുമില്ല. അത്തരം എതിർപ്പുകളെ/കുപ്രചരണങ്ങളെ നിയമനടപടികളിലൂടെ നിയന്ത്രിക്കുന്നതിനും രോഗപ്രതിരോധ കുത്തിവെയ്പ്പിലൂടെ ആരോഗ്യപൂർണ്ണമായ ഒരു ജനതയെ സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുകയെന്ന ഇമ്മ്യൂണൈസേഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിക്കുന്നതിന് ആവശ്യമായ എല്ലാവിധ നടപടികളും സ്വീകരിക്കുന്നതിനും സർക്കാരിന് അധികാരമുണ്ട്.ഇത്തരമൊരു യജ്ഞം സമ്പൂർണ ഫലപ്രാപ്തിയിലെത്തിക്കുന്നതിൽ ഓരോ പൗരനും പങ്കും ഉത്തരവാദിത്വവുമുണ്ട്.**

17. പ്രതിരോധ കുത്തിവെയ്പ്പിന്റെ നല്ല വശങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ ബോധവത്കരണം സൃഷ്ടിക്കുന്നതിനും പ്രതിരോധ കുത്തിവെയ്പ്പ് സമ്പ്രദായത്തിൽ പൊതുജനങ്ങൾക്ക് വിശ്വാസം സൃഷ്ടിക്കുന്നതിനും ശക്തമായ നടപടികൾ ആരോഗ്യവകുപ്പ് അധികൃതർ യഥാസമയം സ്വീകരിച്ചിരുന്നുവെങ്കിൽ പ്രതിരോധ കുത്തിവെയ്പ്പുമായി ബന്ധപ്പെട്ടുള്ള കുപ്രചരണങ്ങൾക്ക് കൃത്യമായും തടയിടാൻ കഴിയുമായിരുന്നു. സ്പെഷ്യൽ ഇമ്മ്യൂണൈസേഷൻ മിഷൻ സംഘടിപ്പിച്ചുവെങ്കിലും സോഷ്യൽ മീഡിയ, ചാനലുകൾ തുടങ്ങിയവയിലൂടെയുള്ള രോഗപ്രതിരോധ കുത്തിവെയ്പ്പിനെതിരെയുള്ള കുപ്രചരണം ശക്തമായി പ്രതിരോധിക്കുവാൻ തക്കവണ്ണമുള്ള പ്രവർത്തനങ്ങൾ ഔദ്യോഗികതലത്തിൽ ഫലപ്രദമല്ലായിരുന്നു എന്നത് ഒരു

വസ്തുതയാണ്. പൊതുനന്മ ലക്ഷ്യമാക്കി യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന്റെ ഭാഗമായി സർക്കാർ നടപ്പാക്കുന്ന ദേശീയ പ്രതിരോധ കുത്തിവെയ്പ്പ് പരിപാടിക്കെതിരെയുണ്ടാകുന്ന കുപ്രചരണങ്ങളെ ശക്തമായി ചെറുക്കുന്ന നടപടികൾ ഔദ്യോഗികതലത്തിൽ ഉണ്ടാകാതിരിക്കുന്ന അവസ്ഥയും അതിന്റെ പഴുതുകളുമാണ് കുത്തിവെയ്പ്പ് സമ്പ്രദായത്തിനെതിരെ അടിസ്ഥാനരഹിതവും അശാസ്ത്രീയവും യുക്തിരഹിതവുമായ പ്രചരണം നടത്തുന്നവർക്ക് സഹായകരമായി തീർന്നത്. ഇക്കാര്യത്തിൽ സർക്കാരും ആരോഗ്യവകുപ്പും മറ്റ് അനുബന്ധ സംവിധാനങ്ങളുംഉണർന്ന് പ്രവർത്തി ച്ചെങ്കിൽ മാത്രമേ നമ്മുടെ കുട്ടികളെയും അതുപോലെ പൊതുസമൂഹത്തേയും മഹാമാരികളിൽനിന്നും അതുമൂലമുള്ള വിപത്തുകളിൽ നിന്നും രക്ഷിക്കാനാകൂ. രോഗപ്രതിരോധ കുത്തിവെയ്പ്പുകളുടെ ഗുണഫലങ്ങൾ പൊതുസമൂഹത്തെ ബോധ്യപ്പെടുത്തിയും അവരുടെ വിശ്വാസ്യത ആർജ്ജിച്ചും മാത്രമേ ഇക്കാര്യം സാധ്യമാകൂ. ഇതിന് ഉതകുന്ന എല്ലാവിധ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്.

18. ജീവന് ഭീഷണിയാകുന്നതും എന്നാൽ പ്രതിരോധ കുത്തിവെയ്പ്പിലൂടെ തടയാൻ സാധിക്കുന്നതുമായ രോഗങ്ങൾ സമൂഹത്തിൽ നിന്ന് തുടച്ചു നീക്കുവാൻ ലക്ഷക്കണക്കിന് പണംമുടക്കി വാക്സിൻ എത്തിച്ച് പ്രത്യേകം ജീവനക്കാരെ ചുമതലപ്പെടുത്തിയും അനുബന്ധ സംവിധാനങ്ങളൊരുക്കിയും സൗജന്യമായി ഈ വാക്സിനുകൾകുട്ടികൾക്ക് നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള വിപുലമായ സർക്കാർ സംവിധാനങ്ങളെയാണ് കുപ്രചരണങ്ങളിലൂടെ അട്ടിമറിച്ചുകൊണ്ടിക്കുന്നത്. രോഗപ്രതിരോധ കുത്തിവെയ്പ്പ് സമ്പ്രദായം ഒരു ദേശീയ ആരോഗ്യ സംരക്ഷണ കർമ്മപദ്ധതിയാണ്. അത് അട്ടിമറിക്കാനുള്ള ഗൂഢശ്രമങ്ങൾ പൊതുസമൂഹം അഭിമുഖീകരിക്കുന്ന കടുത്ത വെല്ലുവിളിയും അതുപോലെതന്നെ ബാലാവകാശ ലംഘനവുമാണ്. ഇതിനെ സർക്കാർ ശക്തമായി നേരിടുക തന്നെ വേണം. ഇക്കാര്യത്തിൽ ശക്തമായ നിയമനടപടികൾക്കുപുറമെ തുടർച്ചയായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തേണ്ടതുണ്ട്. ഈ യജ്ഞത്തിൽ സർക്കാർ, വിവിധ വകുപ്പുകൾ, സന്നദ്ധ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, പൊതുജനങ്ങൾ തുടങ്ങി എല്ലാ കർത്തവ്യവാഹകരെയും ഒന്നിച്ച് അണിനിരത്തി എല്ലാ കുട്ടികൾക്കും പ്രതിരോധ കുത്തിവെയ്പ്പ് സർക്കാർ ഉറപ്പുവരുത്തേണ്ടതാണ്.

19. നാലാം എതിർക്ഷിയുടെ Exhibit R2 (a) റിപ്പോർട്ടിൽ കേവലം ചില വ്യക്തികളാണ് ദേശീയ രോഗപ്രതിരോധ കുത്തിവെയ്പ്പ് പരിപാടിക്കെതിരെ (National Immunization Programme) കുപ്രചരണം നടത്തി സർക്കാരിനെയും പൊതുസമൂഹത്തേയും വെല്ലുവിളിക്കുന്നതെന്ന് കാണുന്നു. ഇത് ശക്തമായി ചെറുത്ത് തോൽപ്പിക്കേണ്ടതുണ്ട്. ജീവിക്കുവാനുള്ള അവകാശം രണഘടനാപരമായ മൗലികാവകാശമാണ്.നാഷണൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന്റെ ഭാഗമായി സൗജന്യമായി നൽകുന്ന പ്രതിരോധ വാക്സിനുകൾ ഓരോ പൗരന്റേയും ജന്മാവകാശമാണ്. എല്ലാ കുട്ടികൾക്കും ഇത് ഒരുക്കി നൽകുവാൻ രാഷ്ട്രം ഭരണഘടനാപരമായി തന്നെ ബാധ്യതപ്പെട്ടിരിക്കുന്നു.കേവലം അടിസ്ഥാനരഹിതമായതോ ശാസ്ത്രീയ അടിത്തറ തെളിയിക്കപ്പെടാത്തതോ ആയ കുപ്രചരണങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് രക്ഷിതാക്കൾ നിഷേധിച്ചാൽ അത് അധാർമ്മികവും മൗലികാവകാശ ലംഘനവും കടുത്ത ബാലാവകാശ നിഷേധവുമാണ്. മൗലികാവകാശങ്ങളുടെയോ

വ്യക്തിനിയമങ്ങളുടെയോ ആചാരനുഷ്ഠാന ങ്ങളുടെയോ വിശ്വാസങ്ങളുടെയോ പേരി ലോ ഒരു രക്ഷിതാവിനും കുട്ടികൾക്ക് രോഗ പ്രതിരോധ കുത്തിവെയ്പ്പുകൾ നിഷേധിക്കു വാൻ അവകാശമില്ല.ഏതൊരു ആചാര വിശ്വാസ സമ്പ്രദായങ്ങളും പൊതുജന സഭ്യ തയ്ക്കും മര്യാദയ്ക്കും പൊതുജനാരോഗ്യ ത്തിനും അനുയോജ്യമായിരിക്കേണ്ടതാണ്. ഇതിനു വിരുദ്ധമായ ഒരു നിലപാടും പ്രവർത്തിയും നിയമാനുസൃതമല്ല.മലപ്പുറം, കാസർഗോഡ് ജില്ലകൾക്കുപുറമെ മറ്റ് ജില്ല കളിലും രോഗപ്രതിരോധ കുത്തിവെയ്പ്പ് കാര്യത്തിൽ 100% പുരോഗതി കൈവരിച്ചി ട്ടുണ്ടോയെന്നതും വസ്തുനിഷ്ഠമായി പരിശോധിക്കേണ്ടതാണ്. നാഷണൽ ഇമ്മ്യൂ ണൈസേഷന് പ്രോഗ്രാം പ്രകാരമുള്ള രോഗ പ്രതിരോധ കുത്തിവെയ്പ്പ് സമ്പൂർണ്ണമാക്കി കുട്ടികളെയും പൊതുസമൂഹത്തേയും സംരക്ഷിക്കേണ്ടതുണ്ട്.

20. പ്രതിരോധ കുത്തിവെയ്പ്പിന്റെ അഭാവത്തി ലുണ്ടാകുന്ന രോഗങ്ങൾമൂലമുണ്ടാകുന്ന ശാരീരിക-മാനസിക വൈകല്യങ്ങൾ, അവയ്ക്ക് വേണ്ടിവരുന്ന ഭീമമായ ചികിത്സാ ചിലവ്, മറ്റ് അനുബന്ധ പ്രശ്നങ്ങൾ, ചിലർ പ്രതിരോധ കുത്തിവെയ്പ്പെടുക്കാതിരിക്കുന്ന സാഹചര്യത്തിൽ ഉന്മൂലനം ചെയ്യപ്പെട്ട രോഗങ്ങൾപോലുംവീണ്ടും പൊട്ടിപ്പുറപ്പെട്ട് രോഗപ്രതിരോധ കുത്തിവെയ്പ്പെടുത്ത കുട്ടികൾക്കും മുതിർന്നവർക്കും വീണ്ടും രോഗംപിടിപെടാനുള്ള സാധ്യത, തന്മൂലമു ണ്ടാകുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയ നൂലാമാലകളും പ്രശ്നങ്ങളും കുത്തിവെയ്പ്പിനെ എതിർക്കുന്നവരെയും കുപ്രചരണങ്ങളിൽപ്പെട്ട് മാറിനിൽക്കുന്നവ രെയും പറഞ്ഞ് ബോധ്യപ്പെടുത്തുവാനുള്ള കൂട്ടുത്തരവാദിത്വം സർക്കാരിനുപുറമെ ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യനീതി, തദ്ദേശസ്വയംഭരണംതുടങ്ങിയ വകുപ്പു കൾക്കും, പൊതുസമൂഹത്തിനും ഉണ്ട്. ഇക്കാര്യങ്ങളിൽ ഇപ്പോൾ സർക്കാർ ജാഗ്ര തയോടുകൂടിയുള്ള പലവിധ പ്രവർത്തന ങ്ങൾക്കും തുടക്കമിട്ടതായും കമ്മീഷൻ മനസ്സിലാക്കുന്നു. ഇത് ശക്തമായി തുടരേണ്ടതാണ്. സർക്കാരിന്റെ നടപടികളി ലൂടെ പ്രതിരോധ കുത്തിവെയ്പ്പുകളുമായി ബന്ധപ്പെട്ട് സംജാതമായിട്ടുള്ള എല്ലാ പ്രതി ബന്ധങ്ങളും വിജയകരമായി തരണം ചെയ്യുവാനും സംസ്ഥാനത്തെ മുഴുവൻ കുട്ടികൾക്കും നാഷണൽ ഇമ്മ്യൂണൈ സേഷൻ പ്രോഗ്രാമിന്റെ സമ്പൂർണ്ണ ഗുണ ഫലങ്ങൾ അനുഭവയോഗ്യമാകുമെന്നും കമ്മീഷൻ പ്രതീക്ഷിക്കുന്നു.

21. മേൽ സാഹചര്യത്തിൽ, 2005-ലെ ബാലാവ കാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയു ള്ള കമ്മീഷനുകൾ ആക്ടിലെ 15-ാം വകുപ്പ് പ്രകാരം താഴെപ്പറയും ശുപാർശകളോടെ മേൽ നമ്പർ കേസ് തീർപ്പാക്കി കമ്മീഷൻ ഉത്തരവാകുന്നു.

(എ) മലപ്പുറം, കാസർഗോഡ് ജില്ലകൾ ഉൾപ്പെടെ കേരളത്തിന്റെ പല ഭാഗങ്ങളിലും ഇമ്മ്യൂണൈസേഷൻ ശതമാനം വളരെ കുറ ഞ്ഞുപോവുകയും ഡിഫ്തീരിയ രോഗം പടർന്നുപിടിക്കുകയും ചെയ്യുന്ന സാഹചര്യ ത്തിൽ 1-ാം എതിർകക്ഷി സംസ്ഥാനത്തെ മുഴുവൻ സ്ഥിതിഗതികളും അടിയന്തിര പ്രാധാന്യം നൽകി വിലയിരുത്തേണ്ടതും പ്രതിരോധ പ്രവർത്തനങ്ങൾ സംസ്ഥാനമെ മ്പാടും ശക്തമാക്കുന്നതിനുള്ള എല്ലാവിധ സംവിധാനങ്ങളും ഒരുക്കേണ്ടതാണ്. ഇതിന് സാമ്പത്തികമോ,ജീവനക്കാരുടെ അഭാവമോ തടസ്സമാകാൻ പാടില്ല.

(ബി) ഇമ്മ്യൂണൈസേഷനുള്ള വാക്സിനുകൾ എല്ലാ ആശുപത്രികളിലും സുലഭമായി ലഭ്യ മാക്കുന്നതിനുള്ള നടപടികളും 1, 2 എതിർ കക്ഷികൾ സ്വീകരിക്കേണ്ടതാണ്. പ്രതിരോധ കുത്തിവെയ്പ്പുകൾ സൗജന്യമായി എവിടെ നിന്നെല്ലാം ലഭ്യമാകുമെന്ന കൃത്യമായ വിവരവും കുത്തിവെയ്പ്പുകൾ നൽകേണ്ടത്

ഏതൊക്കെ വയസ്സിലാണെന്ന സമയക്രമവും പൊതുജനങ്ങളെ അറിയിക്കേണ്ടതാണ്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും രോഗ പ്രതിരോധ കുത്തിവെയ്പ്പ് സംബന്ധിച്ച കൃത്യമായ സ്ഥിതിവിവരകണക്ക് സമയബ ന്ധിതമായി തയ്യാറാക്കുന്നതോടൊപ്പം ഇമ്മ്യൂ ണൈസേഷൻ സമ്പൂർണ്ണമാക്കുവാനുമുള്ള സമഗ്രപദ്ധതി തയ്യാറാക്കി നടപ്പാക്കേണ്ട തുമാണ്. പ്രതിരോധ കുത്തിവെയ്പ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ഡാറ്റാബേസ് (Database) തയ്യാറാ ക്കേണ്ടതാണ്. ഇത് ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തണം.

(സി) സംസ്ഥാനത്തെ ഓർഫണേജ് ഉൾപ്പെടെയുള്ള എല്ലാ ശിശുസംരക്ഷണ സ്ഥാപനങ്ങളിലുമുള്ള (സർക്കാർ സന്നദ്ധ സംഘടന/സ്വകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെ) കുട്ടികൾക്ക് രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ കൃത്യമായി നൽകുന്നുവെന്ന് 1, 2, 5 എതിർകക്ഷികൾ ഉറപ്പു വരുത്തേണ്ടതാണ്. ഇതിനായി പ്രത്യേക ഇമ്മ്യൂണൈസേഷൻ പരിപാടി സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കേണ്ടതാണ്. രോഗപ്രതിരോധ കുത്തിവെയ്പ്പ് സമ്പൂർണ്ണമാക്കണമെന്നും അല്ലാത്ത പക്ഷം ശിശുസംരക്ഷണ സ്ഥാപനങ്ങളുടെ അംഗീകാരം റദ്ദാക്കുമെന്നും കാണിച്ച് 5-ാം എതിർകക്ഷി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകേണ്ടതാണ്.

